Registered No. M-4485 Madras War Review, Malayalam—8-9-1944

118736
27249

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1944 സപ്തെമ്പർ 8-ാംനു, വെള്ളിയാഴ്ച [ലക്കം 1

UNIVERSITY LIBRARY
10 FEB 1946
MADRAS.

P-600
263



## യൂറോപ്പിലെ ജനങ്ങളോട്

നാസികളുടെ ശക്തിയെ നശിപ്പിക്കുന്നതോടുകൂടി യൂറോപ്പിലെ അശരണരായ സർവ്വ ജനങ്ങൾക്കും, ജർമ്മൻകാർക്കും ആസ്ത്രീയക്കാർക്കുംകൂടി, ഭക്ഷണവും, സമാധാനവും, സ്വാതന്ത്ര്യവും വന്നുചേരുമെന്നുള്ള ഉറപ്പ് ഞങ്ങൾ എപ്പോഴും കൊടുക്കുന്നുണ്ട് - - - - - -

—മി. ചർച്ചിൽ, കോമൺസ് സഭയിൽ നാലു കൊല്ലം മുമ്പ് ചെയ്ത പ്രസംഗത്തിൽനിന്ന്

വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| യൂറോപ്പിലെ ജനങ്ങളോട് .. .. | 1 | പ്രത്യേക ലേഖനങ്ങൾ: സന്ദർഭം വെറുതെ കളയരുത്. | 6–7 |
| മുമ്പ് അങ്ങിനെ പറഞ്ഞുവോ? .. .. | 2 | മലബാറിലെ ഘറക്ഷനിങ്ങ് .. .. .. | 8–9 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 3–5 | ചെറുകഥ: ക്ലാക്കിന്റെ ഭാഗ്യ .. .. | 10–12 |


# മുമ്പു അങ്ങിനെ പറഞ്ഞുവോ? സാരമില്ല, അന്നു പറഞ്ഞതു വിഴുങ്ങിക്കളയുവിൻ

## അന്നു പറഞ്ഞതു ഇതാണ്?

"ഒരു രണ്ടാം യുദ്ധരംഗം സ്ഥാപിക്കുകയോ? അതും അമേരിക്കയും ബ്രിട്ടനും കൂടിയോ? ഒരിക്കലും സാദ്ധ്യമല്ല. അത്ത്ലാന്തിക്ക സമുദ്രം എങ്ങിനെയാണ് അമേരിക്ക കടക്കുന്നതു്? അങ്ങിനെയൊരു അഭ്യാസം അവര് കാണിക്കുമെന്നു വിചാരിക്കപോലും വയ്യ."

—ടോക്കിയോ റേഡിയോ, ജൂൺ 16, 1942.

❖ ❖ ❖ ❖

"ചർച്ചിൽ തന്റെ ആക്രമണ സൈന്യത്തെ കൊണ്ടിറക്കുവാൻ എവിടെ വേണമെങ്കിൽ ഒരു സ്ഥലം കണ്ടു പിടിച്ചുകൊള്ളട്ടെ. ഒമ്പതു മണിക്കൂർനേരം കരക്കു നില്ക്കാൻ കഴിയുമെങ്കിൽ ആയാൾ അതൊന്നു പരീക്ഷിക്കട്ടെ."

—ഹിററ്ലർ, സെപ്തെമ്പർ 30, 1942.

❖ ❖ ❖ ❖

"ഇംഗ്ലീഷുകാരുടെ ആക്രമണത്തിൽനിന്നു യൂറോപ്യൻ വൻകരയെ സുസ്ഥിരമായി സംരക്ഷിച്ചിട്ടുണ്ടെന്നു ഏതു സൈന്യവിദഗ്ദ്ധനും അറിയാവുന്ന സംഗതിയാണ്."

—ഗോബൽസ്, നവെമ്പർ 11, 1942.

❖ ❖ ❖ ❖

"പടിഞ്ഞാറു നിന്നുള്ള സർവ്വ ആപത്തുകളിൽനിന്നും യൂറോപ്പിനെ രക്ഷിക്കുവാൻ വേണ്ടി കോൺക്രീററ് കൊണ്ടും ഇരുമ്പു കൊണ്ടുമാണ് അത്ത്ലാന്തിക്ക് കരയോരത്തിൽ ഒരു ചുമര് കെട്ടിയിരിക്കുന്നതു്."

—ബർളിൻ റേഡിയോ, മേയ് 18, 1943.

❖ ❖ ❖ ❖

## ഇന്നെന്താണ് അവർ പറയുന്നതു്?

"ഐക്യകക്ഷികൾ സൈപ്പാൻ ദ്വീപും മാരിയാനാ ദ്വീപുകളും പിടിച്ചിരിക്കുന്നതിനാൽ ഭാവിയിൽ യുദ്ധത്തിന്റെ ഗതിക്കു തീർച്ചയായും വളരെ വ്യത്യാസം വരുമെന്നു ജാപ്പാനിലെ പൊതുജനങ്ങൾ ധരിക്കേണമെന്നു ജാപ്പാൻ ഗവമ്മേണ്ടു് താല്പര്യപ്പെടുന്നു."

—ജാപ്പാനീസ് പ്രക്ഷേപണി, ജൂലായി 6, 1944.

❖ ❖ ❖ ❖

"ഐക്യകക്ഷി സൈന്യങ്ങൾ നോർമാണ്ടി തീരത്തിൽ ഇറങ്ങിയ മുതല്ക്കു, മുമ്പു അനുഭവിക്കാത്തതായ പീരങ്കി പ്രഹരമാണ് നമ്മുടെ രാജ്യം അനുഭവിച്ചുവരുന്നതു്. യുദ്ധം ചെയ്യാൻ സൌകര്യം ലഭിക്കുമാറു് അടുപ്പമുള്ള പ്രദേശത്തൊന്നും നമുക്കു സൈന്യശേഖരം ചെയ്‌വാൻ സാധിക്കുന്നില്ല. പകൽസമയം നമ്മുടെ സൈന്യങ്ങൾ ഭൂമിക്കടിയിൽ ഒളിക്കുന്നു. രാത്രി പൊക്കളത്തിൽനിന്നു പിൻമാറുന്നു."

—ജമ്മൻ യുദ്ധലേഖകൻ, നോർമാണ്ടി.

❖ ❖ ❖ ❖

"കാര്യങ്ങളെല്ലാം അപകടത്തിലായിരിക്കുന്നു. നമ്മുടെ സ്ഥിതി വളരെ വിഷമത്തിലാണ്. സർവ്വായുധധാരികളായ സൈന്യവ്യൂഹങ്ങൾ നമ്മുടെ പുണ്യഭൂമിയെത്തന്നെ ആക്രമിക്കാൻ തുടങ്ങിയിരിക്കുന്നു."

—ഒരു ജമ്മൻ പത്രം.

❖ ❖ ❖ ❖

"നമ്മുടെ ഗൃഹങ്ങൾ ശത്രുക്കളിൽനിന്നു രക്ഷപ്പെടുത്തണം. ഇതാണ് യുദ്ധം തുടങ്ങി ആറാമത്തെ വർഷാരംഭത്തിൽ ഉള്ള വിചാരം."

—ജമ്മൻ സൈന്യങ്ങളോടു ജമ്മൻ ഗവമ്മേണ്ടു ചെയ്ത ഒരു പ്രക്ഷേപണി പ്രസംഗം, സെപ്തെമ്പർ 3, 1944.

# ആഴ്ചക്കുറിപ്പുകൾ

## നിസ്സംശയമായ പൂർണ്ണ വിജയം

യുദ്ധത്തിൻെറ ആറാം കൊല്ലത്തിൻെറ ആരംഭത്തിൽ ചരിത്ര പ്രസിദ്ധമായ ഒരു പുരോഗതിയാണു് ഐക്യകക്ഷി സൈന്യങ്ങളെ സംബന്ധിച്ചേടത്തോളം സർവ്വ രംഗങ്ങളിലും കാണപ്പെട്ടതു്. ലോകത്തിലെ യാതൊരു യുദ്ധ ചരിത്രത്തിലും ഏതൊരു സൈന്യത്തിന്നും ഇങ്ങിനെയൊരു പുരോഗതിയുണ്ടായതായി കേട്ടിട്ടില്ല. ആറു ദിവസം കൊണ്ടു് ജനറൽ ഡംപ്സേയുടെ കീഴിലുള്ള ബ്രിട്ടിഷ് സൈന്യം ഫ്രാൻസിൽ നിന്നു് ബെൽജിയത്തിൽ കൂടെ ഹോളണ്ടിൽ എത്തിയിരിക്കുന്നു. ആറു കൊല്ലം മുമ്പു് ജർമ്മൻകാർ യുദ്ധം ആരംഭിച്ചപ്പോൾ അവൎക്കു ത്വരിതഗതിയിലുള്ള വിജയങ്ങൾ വന്നുചേർന്ന പട പുറപ്പാടിന്നു് "ബ്ലിററ്സ്" എന്നു പേരു പറയാമെങ്കിൽ ഇന്നു് ഐക്യകക്ഷി സൈന്യങ്ങൾ യൂറോപ്പിൻെറ പടിഞ്ഞാറൻ രംഗത്തിൽ പ്രയോഗിക്കുന്ന പട പുറപ്പാടു ഒരു "മഹാബ്ലിററ്സ്" തന്നെയാണു്.

ഐക്യകക്ഷി സൈന്യങ്ങൾക്കു് ഇത്ര വേഗത്തിൽ മുന്നോട്ടു പോകാൻ സാദ്ധ്യമായതിന്നുള്ള കാരണമെന്തെന്നു് ചോദിച്ചാൽ തീർച്ചയായും അതിന്നു് സമാധാനം അവൎക്കു വലിയ തടസ്ഥമായിട്ടുള്ള ജർമ്മൻ സൈന്യങ്ങളൊന്നും മാർഗ്ഗത്തിൽ ഉണ്ടായിരുന്നില്ലെന്നു തന്നെയാണു്. ബെൽജിയത്തിൻെറ രക്ഷക്കു് നിർത്തിയിരുന്ന ജർമ്മൻ സൈന്യങ്ങളെല്ലാം എവിടെയായിരുന്നു? ജർമ്മൻ സൈന്യങ്ങളെല്ലാം സീൻ നദിയുടെ താഴ്‌വരപ്രദേശങ്ങളിലും പാസ്ഡികലെ പ്രദേശങ്ങളിലും സ്ഥിതിചെയ്തിരുന്നേടങ്ങളിൽ നിന്നു് എങ്ങോട്ടും നീങ്ങുവാൻ സാധിച്ചില്ല. അവിടങ്ങളിൽ അവരെ ബന്ധിച്ചപോലെ ഇട്ടുകയാണുണ്ടായതു്. നോർമാണ്ടിയിൽ ഐക്യകക്ഷി സൈന്യങ്ങൾ വന്നിറങ്ങിയപ്പോൾ അവരെ എത്തുന്ന കടലിലേക്കുതന്നെ ഓടിക്കേണമെന്നു കരുതി ജർമ്മൻ സൈന്യാധിപകേന്ദ്രം ബെൽജിയത്തിനെയും മററു രാജ്യങ്ങളെയും കാക്കേണ്ടതിന്നു നിർത്തിയിരുന്ന സൈന്യങ്ങളെയെല്ലാം നോർമാണ്ടി രംഗത്തിലേക്കു കൊണ്ടുവന്നു. അവിടെ വെച്ചു് ഉദ്ദേശിച്ച കാര്യം നടന്നില്ലെന്നുമാത്രമല്ല, ജർമ്മൻ സൈന്യത്തിൻെറ ഒരു വമ്പിച്ച ഭാഗം നശിക്കുകയും, പിന്നീടു കുതിച്ചു മുന്നോട്ടുകയറുവാൻ ആരംഭിച്ച ഐക്യകക്ഷി സൈന്യത്തെ തടയുവാൻ പ്രാപ്തിയുള്ള ജർമ്മൻ സൈന്യ വ്യൂഹങ്ങൾ ഇല്ലാതാവുകയും ചെയ്തു. ഇതിൻെറയെല്ലാം ഫലമായി, ഐക്യകക്ഷിസൈന്യം ആക്രമണം ആരംഭിച്ചു് പന്ത്രണ്ടാഴ്ചകളുള്ളിലത്രെ, അവർ ജർമ്മനിയുടെ അതിർത്തിയിൽ ചെന്നു് മേട്ടം തുടങ്ങിയിരിക്കുന്നു. ഐക്യകക്ഷി സൈന്യം ആചരിച്ചുവന്ന നയം ജർമ്മൻ സൈന്യത്തെ



ഫീൽഡ് മാർഷൽ മണ്ട്ഗോമറി, ആഫ്രിക്കയിൽനിന്നു് ജർമ്മൻകാരെ ഓടിക്കുവാൻ തുടങ്ങി ഒടുവിൽ അവരെ ഇപ്പോൾ മിക്കവാറും ജർമ്മനിക്കുള്ളിൽ തന്നെ ഇട്ടടച്ചു കഴിഞ്ഞു. ഇദ്ദേഹം ജർമ്മൻകാർക്കൊരു കാലൻ തന്നെയാണു്.

നേരിട്ടു ചെന്നു് എതിർക്കാതെ അവിടവിടെ വെച്ചു് അവരെ വളഞ്ഞു പിടിച്ചു് നശിപ്പിക്കയായിരുന്നു. ഇതായിരുന്നു ഫീൽഡ് മാർഷൽ മണ്ട്ഗോമറി തൻെറ സൈന്യത്തിന്നു നൽകിയ ഒരു പ്രധാന ഉപദേശം. പരിപൂർണ്ണ വിജയം, അതൊ അതു് വളരെ അരികത്തുമായി, നമ്മുടെ മുമ്പിൽ കിടക്കുന്നു.

ജർമ്മൻ സൈന്യത്തിന്നു് തുലഞ്ഞുപോയ സ്ഥിതിയിൽനിന്നു് പുനർജ്ജീവിക്കുവാൻ ഇനി വളരെ പ്രയാസമാണു്. സൈന്യ ഉദ്യോഗസ്ഥന്മാർ

അവരുടെ കിഴിലുള്ളവരെ വെടിഞ്ഞോടിപ്പോകുന്നു; ഭടന്മാരാകട്ടെ കള്ളു കുടിച്ചു് തൻേറടമില്ലാതെയാണു് കാണപ്പെടുന്നതു്. ഐക്യകക്ഷി സൈന്യങ്ങൾക്കാണെങ്കിൽ അവരുടെ ഇന്നത്തെ സൈന്യബലവും യുദ്ധതന്ത്രവും ഏററവും ഭയങ്കരമായിട്ടുള്ളതാണെന്നുള്ള സംഗതിക്കു പുറമെ, ഫ്രാൻസ്, ബെൽജിയം, ഹോളണ്ടു് എന്നീ രാജ്യങ്ങളിലെല്ലാം ദേശസേവക സൈന്യങ്ങൾ രൂപീകരിച്ചു് അവരുടെ ബലവും കൂടിയുണ്ടു്. തങ്ങളുടെ രാഷ്ട്രങ്ങൾക്കു് പരാജയം വന്നു് അവിടങ്ങളിലുള്ള ജനങ്ങൾക്കു ജർമ്മനിയിൽ പോയി കൂലിപ്പണി എടുപ്പാനിടവന്നിട്ടുള്ള സർവ്വരും അവരുടെ കൂലിപ്പണിക്കുള്ളായുധങ്ങൾ ജർമ്മൻകാരുടെ നേരെ യുദ്ധത്തിന്നായുപയോഗിക്കുന്നു. ഈ വിധം ലോകത്തിലെ സർവ്വഭാഗങ്ങളിൽനിന്നും രോഷാക്രാന്തിയോടു തള്ളിക്കയറിവരുന്ന തിരമാലകളെയുണ്ടോ തടുപ്പാനുള്ള ശക്തി കെല്പു് കുറഞ്ഞ ജർമ്മനിക്കു്? ഫ്രാൻസ്, ബെൽജിയം, ഹോളണ്ടു് എന്നീ രാജ്യങ്ങൾ ഉടനെ നാസികളുടെ മർദ്ദനത്തിൽനിന്നു് മോചിക്കപ്പെടും. ഐക്യകക്ഷി സൈന്യങ്ങളുടെ മുന്നോട്ടുള്ള കയററം ഇന്നത്തെ ഗതിയിൽ തന്നെ കുറച്ചു ദിവസം കൂടി നില്ക്കുകയാണെങ്കിൽ അധികം താമസിയാതെ അവർ ജർമ്മനിയുടെ മുഖത്തു നേരേ ഉരം അടിക്കാതിരിക്കയില്ല. ശത്രുക്കളുടെ പീരങ്കികൾ ഭീതി പരത്തുമാറുള്ള ഗർജ്ജനം ചെയ്യുന്നതു് കേട്ടുകൊണ്ടിരിക്കുമ്പോളുണ്ടോ, നിങ്ങളുടെ ഗൃഹരക്ഷ ചെയ്തു കൊള്ളുണേ എന്നു് ഗോബൽസ് ജർമ്മൻകാരോടു നിർദ്ദേശിക്കുന്നതിൻെറ താല്പര്യം അവരുടെ മണ്ടയിൽ കയറുന്നു!

ജർമ്മനിയുടെ മർദ്ദനം കൊണ്ടു് രാജ്യഭ്രഷ്ടന്മാരായി തീർന്നിട്ടുള്ള ഗവർമ്മേണ്ടുകളെല്ലാം ഐക്യകക്ഷി സൈന്യങ്ങളുടെ സഹായത്തോടുകൂടി അവരവരുടെ സ്വദേശങ്ങളിലേക്കു മടങ്ങിവരികയും, ഓരോ ദേശത്തും ബ്രിട്ടീഷ് രാജകീയ പ്രതിനിധിയെ നിശ്ചയിക്കുകയും ചെയ്യുന്നതോടുകൂടി ഐക്യരാഷ്ട്രങ്ങൾക്കുള്ള കർമ്മപദ്ധതിയുടെ മറെറാരു ഭാഗം പൂർത്തിയാകുന്നു. മോചനം ലഭിച്ചുകൊണ്ടുവരുന്ന ഓരോ രാജ്യത്തിലെ ജനങ്ങൾക്കും അത്യാവശ്യമായിട്ടുള്ള പരിചരണ പ്രവൃത്തിയാണിതു്. 1940 ഏപ്രിൽ 20-ാം തിയ്യതി മി. ചർച്ചിൽ പ്രസ്താവിച്ചതു് ഇവിടെ പ്രത്യേകം സ്മരണീയമാണു്. "ജർമ്മൻ സൈന്യങ്ങളുടെ ബാധയിൽനിന്നു് മോചിപ്പിച്ചെടുക്കുന്ന ഓരോ രാജ്യത്തേക്കും ഞങ്ങൾ ഉടനെ ഭക്ഷണം എത്തിക്കുവാൻ വേണ്ട സർവ്വ ഏർപ്പാടുകളും ചെയ്യുന്നതാണു്. ലോകത്തിലെ നാനാ ഭാഗങ്ങളിലും ഭക്ഷണസാധനങ്ങളുടെ സൂക്ഷിപ്പു് എപ്പോഴും ധാരാളമായി ഉണ്ടായിരിക്കുവാൻ വേണ്ട ഒരുക്കങ്ങൾ ഞങ്ങൾ ചെയ്യുന്നതാണു്." പറഞ്ഞതുപോലെതന്നെ കാര്യം നടത്തുകയും ചെയ്തു. 1943 ജൂൺ 11-ാം തിയ്യതി ഐക്യരാഷ്ട്രങ്ങൾ എല്ലാം ചേർന്നു് ഒപ്പിട്ടിട്ടുള്ള ഒരു കരാറുപ്രകാരം യു. എൻ. ആർ. ആർ. എ. എന്നൊരു സ്ഥാപനം സൃഷ്ടമായിക്കഴിഞ്ഞിരിക്കുന്നു. ബ്രിട്ടൻെറയും, റഷ്യയുടെയും, ചൈനയുടെയും ഗവർമ്മേണ്ടുകളോടാലോചിച്ചു അമേരിക്കൻ ഗവർമ്മേണ്ടു തെയ്യാറാക്കിയ ഒരു രേഖയാണിതു്. എവിടെയാണു് തല്ക്കാല സമാധാനവും നിവൃത്തിമാർഗ്ഗവും ചെയ്യേണ്ടതെങ്കിൽ അവിടെ ആയത്തു ചെയ്വാനൊരുങ്ങി പുറപ്പെട്ടിട്ടുള്ള ഒരു ഭരണകേന്ദ്രമാണു് യു. എൻ. ആർ. ആർ. എ. ഭക്ഷണം, വിറകു്, വസ്ത്രം, ഗൃഹനിർമ്മാണത്തിന്നുള്ള ഉപകരണങ്ങൾ, വൈദ്യവിഷയമായ സഹായങ്ങൾ ഇതെല്ലാം എവിടെ എത്തിക്കേണമോ, അവിടെ എല്ലാം അവയെ എത്തിക്കുകയാണു് ഈ സ്ഥാപനത്തിൻെറ ചുമതല. ഉണ്ണാനില്ലാതെ ആരും കഷ്ടപ്പെടരുതു്; അമേരിക്കൻ സൈന്യങ്ങൾക്കു വേണ്ടത്ര ഭക്ഷണത്തിന്നു് കരുതിയാലും പിന്നേയും അനവധി കോടി. തൻ ഭക്ഷണപദാർത്ഥങ്ങൾ അമേരിക്കയുടെ കൈവശം കിടപ്പുണ്ടു്. മേൽ പ്രസ്താവിച്ച സംഘം സ്ഥാപിച്ചതിൻെറ അനുഭവം ആദ്യമായി ഫ്രാൻസിലും, ബെൽജിയത്തിലും, ഹോളണ്ടിലും കാണാവുന്നതാണു്. നവീന ശാസ്ത്ര വൈദഗ്ദ്ധ്യങ്ങൾ എന്തെല്ലാമുണ്ടോ അവയെല്ലാം ഇക്കാര്യത്തിൽ എടുത്തു പ്രകടിപ്പിക്കാതിരിക്കയില്ല. എങ്ങിനെയാണു് ഇത്രയൊക്കെ ഭക്ഷണം അമേരിക്ക സൂക്ഷിക്കുന്നതു്? "ഡിഹൈഡ്രേറഡ്" എന്ന ഒരു പാകം പ്രയോഗിച്ചാണു് ഭക്ഷണപദാർത്ഥങ്ങളുടെ സൂക്ഷ്മം. ഇന്ത്യയിൽ തന്നെ നാം സൈന്യാവിശ്യാർത്ഥം ഭക്ഷണപദാർത്ഥങ്ങൾ ഈ പാകത്തിൽ ഇപ്പോൾ സൂക്ഷിച്ചുവരുന്നുണ്ടു്. ഇങ്ങിനെ ചെയ്താൽ ഒരു കപ്പൽ നിറയേയുള്ള ഭക്ഷണപദാർത്ഥങ്ങളെ നാലിലൊരുഭാഗം സ്ഥലത്തു സൂക്ഷിപ്പാൻ കഴിയും. ഈ പാകത്തിൽ ആക്കുകയാണെങ്കിൽ 230,000 കോഴികൾ ഒരു കൊല്ലം ഇടുന്ന മുട്ടകൾ മുഴുവനോ, 2,800 പശുക്കൾ ഒരു കൊല്ലം നൽകുന്ന പാലോ മുഴുവൻ ഒരു കപ്പലിൽ ഒതുക്കാമത്രെ!

## ലോകമഹാ യുദ്ധ ങ്ങിനെ കാണുക




### അതി കഠോരമായ കർമ്മപദ്ധതിയുടെ

#### അവസാനം

മോചനം ലഭിച്ചുവരുന്ന യൂറോപ്പിൻെറ ഭക്ഷണത്തിന്നും മററു സുഖസൌകര്യങ്ങൾക്കും വേണ്ടി ഐക്യകക്ഷികൾ ഏർപ്പെടുത്തിയ കർമ്മപദ്ധതികൾ ഈ വിധമിരിക്കെ ഹിററ്ലറുടെ ഭരണത്തിൻ കീഴിലുള്ള ജർമ്മനിയുടെ സ്ഥിതിയെന്താണെന്നൊന്നാലോചിച്ചു നോക്കാം. ലോകത്തിൽ വെച്ചു ഏററവും ക്രൂരഹൃദയനായ ഹിററ്ലർ തനിക്കും തൻെറ രാജ്യത്തിന്നും വലിച്ചുകൂട്ടിയ ആപത്തിന്നു് വല്ല കയ്യും കണക്കുമുണ്ടോ? അഞ്ചു കൊല്ലത്തിലധികകാലം തങ്ങളുടെ അയൽരാജ്യക്കാരെ ബുദ്ധിമുട്ടിച്ചു കഷ്ടപ്പെടുത്തിയതിന്നുള്ള പ്രതിഫലം ഇപ്പോൾ ജർമ്മൻകാർ അനു

(ശേഷം 7-ാം പേജിൽ)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 സെപ്തെമ്പർ 8-ാംനു, വെള്ളിയാഴ്ച

## സന്ദർഭം വെറുതെ കളയരുത്

യൂറോപ്യൻ രംഗത്തിലെ വിജയദ്ധ്വനി നാകലോകം വരെ എത്തുന്നു. ഈയാഴ്ച ഐക്യകക്ഷി സൈന്യങ്ങൾക്കുണ്ടായിട്ടുള്ള വിജയങ്ങൾ, വിശിഷ്യ ബെൽജിയത്തിലും ഹോളണ്ടിലും, അവർണ്ണനീയങ്ങൾതന്നെയാണ്. പത്രലേഖകന്മാർക്കു ഇരുന്നാലോചിച്ചെഴുതുവാൻ സമയം കിട്ടുന്നതുതന്നെയില്ല. അത്ര ത്വരിതഗതിയിലായാണ് വിജയങ്ങൾ മേൽക്കുമേൽ കൈവരുന്നതു്.

ഏതു കാർയ്യത്തിലും അവസാനഘട്ടത്തിൽ ഈശ്വരമതമാണ് സ്ഥാപിതമാവുകയെന്നു് വിശ്വസിച്ചുപോന്നവർക്കെല്ലാം ഹിററ്ലറിൽ മൂർത്തീകരിച്ചു കണ്ടതായ അധർമ്മത്തെ മാനവധർമ്മം ഒടുവിൽ നശിപ്പിക്കാതിരിക്കയില്ലെന്നു ബോദ്ധ്യമുണ്ടായിരുന്നു. എന്നാൽ കലാശവിജയം ഇന്നു് കൈവന്നപോലെ കൈവരുവാൻ വിശ്വാസംമാത്രം മതിയോ ? പോരാ. വാളിനോടെതൃക്കുവാൻ വാൾ തന്നെ വേണം. പുറമെ, നാസിമതത്തോടെതൃക്കുവാൻ അതിനെക്കാൾ ഉപരിയായ ഒരു മതവും കൂടാതെ കഴികയില്ല.

അതിനാൽ ഐക്യകക്ഷികൾ ആയോധനത്തിന്നിറങ്ങിയതോടുകൂടി രണ്ടു വിധത്തിലുള്ള ആയുധക്കലവറകളും തെയ്യാറാക്കി. വാളിനോടെതൃക്കുവാൻ വാളും മതത്തിനോടെതൃക്കുവാൻ മതവുമായിരുന്നു അവർ തെയ്യാറാക്കിയതു്. ഐക്യകക്ഷികളുടെ വിജയങ്ങൾ മെല്ലെയാണ് തുടങ്ങിയതെങ്കിലും ക്രമേണ അവരുടെ ശക്തി വർദ്ധിക്കുകയും, അതനുസരിച്ചു് ശത്രുവിൻെറ ശക്തി ക്ഷയിക്കുകയും ചെയ്തു. ഇന്നത്തെ സ്ഥിതി പറകയാണെങ്കിൽ നമ്മുടെ കരസൈന്യങ്ങളുടെയും, കപ്പൽപടയുടെയും, വിമാനപ്പടയുടെയും സംഘട്ടനം കൊണ്ടു് ശത്രു തീരെ തുലഞ്ഞുപോക തന്നെ ചെയ്തിരിക്കുന്നു.

ഭാഗ്യവശാൽ മി. ചർച്ചിലിന്നും തൻെറ കാബിനററിന്നും മേൽപറഞ്ഞ വിശ്വാസത്തിലും ശക്തിയായി വേറെ ചില ശക്തികളും ഉണ്ടായിരുന്നു. പൊതുജനാധിപത്യഭരണ നീതിയിൽ വിശ്വസിച്ചുപോന്ന ഈ ബ്രിട്ടീഷ് നേതാക്കൾ രക്തം വെള്ളമാക്കി വിയർപ്പു തുള്ളി കുടിച്ചുകൊണ്ടു് ശത്രുവിൻെറ പുരോഗതി തടഞ്ഞു നിർത്തിക്കൊണ്ടുവരുമ്പോൾ തന്നെ, അവരുടെ ആദർശങ്ങൾക്കു ലോകമാസകലം ആനുകൂല്യം സമ്പാദിച്ചു് യുദ്ധമദ്ധ്യത്തിൽവെച്ചുതന്നെ ഐക്യ രാഷ്ട്ര സംഘത്തെ ലോകത്തിൽ ഒരു പുതിയ ജീവിസ്സായി സ്ഥാപിച്ചു. മനുഷ്യസമുദായചരിത്രത്തിൽ ആദ്യമായി വലിയ രാഷ്ട്രങ്ങളും ചെറിയ രാഷ്ട്രങ്ങളും ഏററവും സൌഹാർദ്ദത്തോടും സഹോദരഭാവത്തോടും സഹകരിച്ചുകൊണ്ടു് ഒരു മഹത്തായ കാർയ്യം നേടുവാൻ പരിശ്രമിക്കുന്നതും ഇപ്പോൾ നമുക്കു കാണാറായി. ലോകം ഇതുവരേക്കും കാണ്മാനിടവന്ന ഏററവും വലിയ ഒരു ഒരു സംഭവമാണ് ഇതു്; ഇതു് നമ്മുടെ കണ്ണിൻ കണ്ടുകൊണ്ടു തന്നെ ഇരിക്കുകയും ചെയ്യുന്നു.

മേൽപറഞ്ഞ സഹകരണമാണ് നമ്മുടെ വിജയത്തിന്നു് കാരണമായതു്. മാത്രമൊ, ഭൂമിയിൽ രക്ഷയോടുകൂടി ജീവിക്കാൻ നിവൃത്തിയാക്കിയതും ഇതു തന്നെയാണ്. യുദ്ധം കഴിഞ്ഞാലുണ്ടാകുന്ന കാലങ്ങളിൽ ലോകം നേരിടാനിടയുള്ള കഷ്ടതകൾക്കും മേൽ പറഞ്ഞ സർവ്വരാഷ്ട്ര സംഘവും അവർ തമ്മിൽ ഉള്ള സഹകരണവും തന്നെയാണ് നിവാരണമായിത്തീരുക. യുദ്ധം തുടങ്ങിയ ആദ്യകാലങ്ങളിൽ ബ്രിട്ടനും, അമേരിക്കയും, റഷ്യയും തമ്മിൽ സഹകരിച്ചിരുന്നില്ലെങ്കിൽ ഇന്നു് ജർമ്മനിയിലുള്ളവർ അവരുടെ അതൃത്തി പ്രദേശത്തിലെത്തിയിരിക്കുന്ന ഡിമോക്രാട്ടിക്കു രാഷ്ട്രങ്ങളുടെ പീരങ്കികൾ ഗർജ്ജിക്കുന്നതു് കേട്ടിരിക്കുമോ ?

ഐക്യകക്ഷികൾ ജയിച്ചുകൊണ്ടുവരുവാൻ കാരണം അവരുടെ ആദർശശുദ്ധിയാണ്. മാത്രമല്ല, ഹൃദയശുദ്ധിയോടും, ലോകസ്ഥിതി നന്നായിത്തീരേണമെന്നുള്ള ഏക വിചാരത്തോടും കൂടിയാണ് അവർ യുദ്ധം ചെയ്യുന്നതു്. അവർക്കു വിജയം കൈവരാതെ കഴിയുമോ? ബ്രിട്ടീഷ് സാമ്രാജ്യവും, അമേരിക്കയും, റഷ്യയും, ചൈനയും, മററു് നാല്പതോളം ഐക്യകക്ഷി രാജ്യങ്ങളും തമ്മിൽ കർമ്മൈക്യത വന്നുകഴിഞ്ഞു. മി. ചർച്ചിലിനെ പോലുള്ള നേതാക്കൾക്കു് ഈ കർമ്മൈക്യതു് യുദ്ധം കഴിഞ്ഞാലും ഐക്യകക്ഷി രാഷ്ട്രങ്ങൾ തമ്മിൽ നിലനിർത്തിപോരേണമെന്നാണ് മോഹം. ഐക്യകക്ഷി

രാഷ്ട്രങ്ങളിലുള്ള സാമ്പത്തിക നിവൃത്തിമാർഗ്ഗങ്ങളും, കൽക്കരി, ഇരുമ്പ്, ഉരുക്കു, പെട്രോൾ, ക്രൂട്ട്, കൊക്കൊ, കാപ്പി, കമ്പിളിരോമം മുതലായവയും പൊതുനന്മക്കായി ഏകീകരിക്കേണമെന്നാണ് അവരുടെ ആഗ്രഹം. യുദ്ധം തുടങ്ങിയതിന്നുശേഷം ഇതെവരെയും സർവ്വരാഷ്ട്രങ്ങളുടെയും കൂടിയുള്ള ഉദ്യോഗസ്ഥ സമിതിയാണ് അതാതു രാജ്യത്തെ ഉല്പന്നങ്ങളെ ആവശ്യമുള്ളേടങ്ങളിലേക്കു നിഷ്പ്രയാസം എത്തിച്ചിരുന്നതു്. ഓരോ കർമ്മത്തിന്നും നിയന്ത്രിക്കുവാൻ ഓരോ ബോർഡുണ്ടായിരുന്നു. ചുരുക്കിപ്പറയുന്നതായാൽ യുദ്ധകാലത്തുണ്ടായ സഹകരണം കൊണ്ടു് സാമ്പത്തിക കാര്യങ്ങളിൽ സഹകരണവും അന്യോന്യ വിശ്വാസവും ഐക്യ രാഷ്ട്രങ്ങൾ തമ്മിൽ ഉളവായിക്കഴിയുകയും ഭാവിയിൽ ആയതു് സുസ്ഥിരമാകുമെന്നു് ബോദ്ധ്യം വരുമാറു് സുസ്ഥാപിതമാവുകയും ചെയ്തിരിക്കുന്നു.

യൂറോപ്യൻ രംഗത്തിൽ ഇപ്പോൾ നടക്കുന്ന സംഭവങ്ങളുടെ പശ്ചാത്തലം ഇതാണ്. ഐക്യരാഷ്ട്ര സമിതിതന്നെ 1941 ആഗസ്റ്റ് മാസത്തിൽ പ്രസിഡെണ്ട് റൂസ്‌വെൽട്ടും മി. ചർച്ചിലും തമ്മിലുണ്ടായ കൂടിക്കാഴ്ചയുടെയും അതിൽനിന്നുണ്ടായ അത്‌ലാന്തിക്ക് ചാർട്ടറിന്റെയും ഫലമാണ്. നിഷ്പക്ഷമായും നിസ്വാർത്ഥമായും ഐക്യകക്ഷി രാജ്യങ്ങളിലെ നാലു പ്രധാന നേതാക്കന്മാർ ആലോചിച്ച് സഹകരിച്ചതുകൊണ്ടു് വിജയം കൈവരുമാറുള്ള ഒരു സഹകരണ പദ്ധതി ആവിർഭവിച്ചു. കെയ്‌റോവിൽനിന്നു് ലോക നേതാക്കന്മാരായ റൂസ്‌വെൽട്ടും, ചിയാങ്ങ്‌കിഷേക്കും, ചർച്ചിലും കൂടി പ്രഖ്യാപനം ചെയ്ത പ്രസ്താവനയിൽ ഇങ്ങിനെ പറഞ്ഞിരുന്നു: "നമ്മുടെ മൂന്നു മിത്രരാജ്യങ്ങളും ജാപ്പാന്റെ അക്രമണബുദ്ധിയെ തടയുവാനാണു് യുദ്ധം ചെയ്യുന്നതു്. യാതൊരു ലാഭവും അവർ ഇച്ഛിക്കുന്നില്ല."

യുദ്ധകാലത്തു് പ്രത്യക്ഷപ്പെട്ടതായ ഈ ഐക്യത യുദ്ധാനന്തരവും കാണുവാനിടവരേണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. യൂറോപ്പിലും ഏഷ്യയിലും ശത്രുക്കളുടെ ചവിട്ടിൽനിന്നു് ക്രമേണ രക്ഷപ്പെട്ടുവരുന്ന രാജ്യങ്ങൾക്കു ഭക്ഷണകാര്യത്തിൽ രക്ഷ കൊടുക്കേണ്ടതിന്നു് യൂ. എൻ. ആർ. ആർ. എ. രൂപീകരിക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ മാസം ഐക്യ രാഷ്ട്രങ്ങളുടെ രണ്ടു സമ്മേളനങ്ങൾ ഉണ്ടായി; അതിൽ ഒന്നിൽ വെച്ച് ബ്രിട്ടനും അമേരിക്കയും കൂടി എണ്ണയുടെ കാര്യത്തിൽ ഒരു കരാറുണ്ടായി; മറേറതിൽവെച്ച് യുദ്ധാനന്തരമുള്ള സമാധാന രക്ഷയെക്കുറിച്ചും തീർപ്പുകൾ ചെയ്തു.

എന്നാൽ യുദ്ധാനന്തരകാലത്തുണ്ടാകാവുന്ന ആലോചനാ വിഷയങ്ങളിൽ മേൽപറഞ്ഞതെല്ലാം വെറും ആരംഭങ്ങൾ മാത്രമാണ്. എത്രഎത്ര ഗൌരവമായ കാര്യങ്ങളിൽ ശരിയായ ഒരു സമാധാനം കണ്ടിട്ടുവേണം യുദ്ധാനന്തര കാലം സുഖപ്രദമാക്കിത്തീർപ്പാനെന്നറിയാമോ? ഐക്യരാഷ്ട്രങ്ങളിലെ രാഷ്ട്രതന്ത്രജ്ഞന്മാരുടെ ബുദ്ധി മട്ടപ്പിക്കാൻ ഒരേ ഒരു വിഷയം മതിയെല്ലോ. ഊഹിക്കാൻപോലും വയ്യാത്ത വിധം യുദ്ധകാലത്തു് വർദ്ധിച്ചുവന്നതായ വൈമാനിക ഗതാഗതം യുദ്ധാനന്തരകാലത്തു് എങ്ങിനെയാണ് നിയന്ത്രണം ചെയ്യുകയെന്നുള്ള ഏകസംഗതി മതി രാഷ്ട്രതന്ത്രജ്ഞന്മാർക്കു തലവേദന പിടിപ്പിക്കാൻ. എന്നാൽ ഈ പ്രശ്നത്തിന്നു് ഒരു സമാധാനം അടിയന്തരമാണുതാനും. ഇങ്ങിനെ അനവധി പ്രശ്നങ്ങൾ യുദ്ധാനന്തരകാലത്തേക്കു കിടപ്പുണ്ടു്.

(5-ാം പേജിൽനിന്നു തുടർച്ച)

ഭവിച്ചുവരുന്നു. നമുക്കു അവരോടു് ഒരനുകമ്പയാകട്ടെ, അവരിൽ ഒരു വിശ്വാസമാകട്ടെ ഇല്ല. എന്നാൽ താന്താങ്ങൾ അനുഭവിച്ചുവരുന്ന കഷ്ടപ്പാടുകൾ സഹിക്കാൻ വയ്യാതെയാവുമ്പോൾ ജർമ്മനിയിലെ ജനത തന്നെ അവരുടെ ഭരണകർത്താക്കന്മാരെ ഒഴിയുവാൻ നിർബ്ബന്ധിക്കും. പൂർണ്ണ സ്വാതന്ത്ര്യമെന്നുവെച്ചാൽ എന്താണെന്നു് അടുത്ത ഭാവിയിൽ തന്നെ അറിയുവാൻ അവർക്കു യോഗവും ഉണ്ടാകും. ജർമ്മനി ലോകത്തിൽ സർവ്വാധിപത്യം വഹിച്ചു ഒരു ശക്തിയാകേണമെന്നുള്ള അഹങ്കാരബോധം ഉപേക്ഷിച്ചു ഐക്യ രാഷ്ട്രങ്ങളോടൊത്തൊരുമിച്ചു സഹകരിച്ചുകൊണ്ടുള്ള ഒരു ജീവിതത്തിന്നായി ഒരുങ്ങേണ്ടതാണ്. ലോകത്തിലുള്ള സർവ്വ ജനങ്ങളും നശിച്ചു താനും, ഭാര്യയും, മക്കളും, ഒരു തട്ടാനും മാത്രം ശേഷിക്കേണമെന്നു വിചാരിച്ച വിഡ്ഢിയെപ്പോലെത്തന്നെ ഹിററ്ലർ ലോകത്തിലുള്ള സർവ്വ ജനങ്ങളേയും കീഴടക്കി താനും ജർമ്മൻകാരും മാത്രം ശേഷിക്കേണമെന്നു വിചാരിക്കുന്നാളാണ്. ഇങ്ങിനെയുള്ള വിശ്വാസവും മതവും ന്യായമായിട്ടുള്ളതാണെന്നു് സ്ഥാപിക്കുവാൻ ഹിററ്ലറും തന്റെ കൂട്ടുകാരും ശാസ്ത്രവും പുരാണവുമെല്ലാം തേടിപിടിച്ചുണ്ടാക്കിട്ടുണ്ടെങ്കിലും, വംശമഹിമയും മററും പറഞ്ഞു ലോകത്തിനെ കീഴടക്കുവാനുള്ള അവരുടെ ശ്രമമൊന്നും ഒരിക്കലും നടക്കുന്നതല്ലെന്നു് മേലിലെങ്കിലും അവർ മനസ്സിരുത്തിക്കൊള്ളട്ടെ.

# മലബാറിലെ റേഷനിങ്ങ്

## ഗവർമ്മേണ്ടറിയിപ്പ്

[മലബാർ ജില്ലയിൽ സാർവ്വത്രികമായ റേഷൻ ഒക്ടോബർ 1-ാം തിയ്യതി മുതൽ നടപ്പാക്കുവാൻ മദിരാശി ഗവർമ്മേണ്ടു തീരുമാനിച്ചിരിക്കുന്നു. സംസ്ഥാന ഭക്ഷണ കൌൺസിലിന്റെ സപ്തംബർ 1-ാം തിയ്യതി നടന്ന യോഗത്തിലാണ് ഗവർമ്മേണ്ടു ഈ പ്രസ്താവന ചെയ്തതു്. അടുത്ത കൊയ്ത്തുകാലത്തു സുലഭമായി നെല്ലു വിളയുന്ന ജില്ലകളിൽ നെല്ലിന്റെ വില നിർണ്ണയിക്കുവാൻ ഗവർമ്മേണ്ടു തീരുമാനിച്ചിരിക്കുന്നു. ഇതു സംബന്ധമായ കല്പനകൾ ഉടനെ പുറപ്പെടുവിക്കുന്നതാണ്.]

മലബാർ ജില്ലയിൽ എല്ലായിടത്തും റേഷനിങ്ങ് നടപ്പാക്കുന്നതിന്നുവേണ്ടി ആ ജില്ലയിലെ ഭക്ഷണധാന്യങ്ങൾ സംഭരിക്കുന്നതിനെ സംബന്ധിച്ച്, പ്രമുഖന്മാരായ നിലമുടസ്ഥന്മാരും നിലത്തിൽ അവകാശബന്ധമുള്ള മററാളുകളും ചേർന്നുള്ള ഒരു സമ്മേളനം, താഴെ പറയുന്ന സംഗതികളെപ്പററി ഗവർമ്മേണ്ടിനെ ഉപദേശിപ്പാനായി, സിവിൽ സപ്ലൈസ് കമ്മീഷനരുടെ അദ്ധ്യക്ഷതയിൽ കോഴിക്കോട്ടുവെച്ച് 1944 ജൂലായി 21-ാം തിയ്യതി നടത്തിയിരുന്നു:—

(1) കൃഷിക്കാരനു വിത്തിന്നായി അനുവദിക്കേണ്ടുന്ന നെല്ലിന്റെ തുകയെപ്പററി,

(2) കൃഷിച്ചെലവുകൾ ധാന്യമായി കൊടുക്കുന്നതിന്നു കൃഷിക്കാരനു അനുവദിക്കേണ്ടുന്ന വല്ല ഓഹരിയേയും പററി,

(3) ഗവർമ്മേണ്ടിന്നു വിലക്കെടുപ്പാൻ കിട്ടാവുന്ന ധാന്യത്തിന്റെ തുക ഇത്രയെന്നു തീർച്ചപ്പെടുത്തുന്നതിന്നുമുമ്പായി, നിലത്തിൽ അവകാശബന്ധമുള്ള ഏതേതാളുകളുടെ ഇടയിൽ ധാന്യം ഓഹരി ചെയ്വാൻ അനുവദിക്കാമോ അങ്ങിനെയുള്ള പലെ താല്പര്യക്കാരെയും പററി.

2. വിത്തിന്നു അനുവദിക്കുന്ന ഓഹരി:— മേല്പറഞ്ഞ സമ്മേളനത്തിൽവെച്ച് പൊതുവായുണ്ടായ അഭിപ്രായം, ഓരോ ഏക്കറിന്നു വിത്തിന്നായി 6 പറ നെല്ല് മതിയാകുമെന്നും, പരമാവധിയായി 7 പറ നെല്ല് മതിയാകുമെന്നും, പരക്കെ വിതച്ച് നെൽകൃഷി ചെയ്യുമ്പോൾ വിത്തിന്നു അധികമായി വല്ല ഓഹരിയും അനുവദിക്കേണ്ടുന്ന ആവശ്യമില്ലെന്നും ആയിരുന്നു. മലബാർ ജില്ലയിൽ ഓരോ ഏക്കറിന്നു വിത്തിന്നായി യഥാർത്ഥത്തിൽ ഉപയോഗിച്ചിരുന്ന തുക 6 പാലക്കാടൻ പറ (40 മദിരാശിപ്പടി അല്ലെങ്കിൽ സുമാറു 100 റാത്തൽ) വിത്ത് ആയിരുന്നുവെന്ന് 1939 ലെ മലബാർ കുടിയായ്മ കമ്മിററി അഭിപ്രായപ്പെടുകയുണ്ടായി. ജില്ലയിൽ അന്വേഷണങ്ങൾ നടത്തിയതിലും, ഒരേക്ര നിലത്തിന്ന് സാധാരണയായി ഉപയോഗിക്കുന്നതു 6 പാലക്കാടൻ പറ നെല്ലാണെന്നു കണ്ടിരിക്കുന്നു. അതിനാൽ പരക്കേ വിതച്ചു കൃഷിചെയ്യുന്നതിന്നോ അല്ലെങ്കിൽ ഞാറു പറിച്ചുനട്ടു കൃഷിചെയ്യുന്നതിന്നോ വേണ്ടിയുള്ള വിത്തിന്നായി ഒരു ഏക്കറിന്നു 6 പാലക്കാടൻ പറ നെല്ല് അനുവദിക്കുന്നതിന്നു ഗവർമ്മേണ്ട് സമ്മതിച്ചിരിക്കുന്നു. എന്നാൽ 6 പറയിലധികം ആവശ്യമാണെന്നു സ്ഥാപിക്കുന്നപക്ഷം പ്രത്യേക സംഗതികളിൽ ഓരോ ഏക്കറിന്നു ഒരു പറ നെല്ല് കൂടി അധികമായി അനുവദിക്കുന്നതിന്നു താലൂക്കു ധാന്യമെടുപ്പ് ആഫീസർക്കു യുക്താനുസരണം പ്രവർത്തിക്കുവാൻ അധികാരം നല്കിയിരിക്കുന്നു.

അടുത്തുവരുന്ന കൃഷിക്കാലംവരെ വിത്ത് നെല്ല് സൂക്ഷിക്കുവാൻ ആരേയാണ് അനുവദിക്കേണ്ടതെന്നു ചോദ്യമുണ്ടായി. സമ്മേളനത്തിൽവെച്ച് പൊതുവായുണ്ടായ അഭിപ്രായം, വിത്ത് നെല്ല് സൂക്ഷിക്കുവാൻ കൃഷിക്കാരനെ അനുവദിക്കുന്നതായി നിലവിലുള്ള വഴക്കം തുടർന്നുപോകാമെന്നായിരുന്നു. അതിനാൽ, അടുത്തുവരുന്ന കൃഷിക്കാലംവരെ വിത്ത് നെല്ല് സൂക്ഷിപ്പാൻ കൃഷിക്കാരനെ അനുവദിക്കുന്നതിന്നു ഗവർമ്മേണ്ട് സമ്മതിച്ചിരിക്കുന്നു.

3. കൃഷിച്ചെലവുകൾ ധാന്യമായി കൊടുക്കുന്നതിന്നു അനുവദിക്കുന്ന ഓഹരികൾ:—ഇക്കാര്യത്തിൽ, സമ്മേളനത്തിൽ ഗണ്യമായ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. കൂലിവേലക്കാർക്കു നെല്ല് റേഷനായി കൊടുത്തുവരുന്നേടത്തോളം കാലം കൃഷിച്ചെലവുകൾ പണമായി കൊടുക്കുന്നതിന്നു വിരോധമില്ലെന്നു ചില അംഗങ്ങൾ അഭിപ്രായപ്പെട്ടു. വേറൊരഭിപ്രായം, കൃഷിക്കൂലിവേലക്കാർക്കു പണമായി കൂലി കൊടുക്കുന്നതായാൽ അവർ കൃഷിപ്പണി വിട്ടുപോയേക്കാവുന്നതും അതു ഉല്പാദനത്തിന്നു ഹാനികരമായ്ത്തീരുന്നതുമാണെന്നായിരുന്നു. എന്നാൽ ഈ അഭിപ്രായക്കാരായ അംഗങ്ങൾപോലും, തല്ക്കാലത്തേക്കുമാത്രമുള്ള കൂലിവേലക്കാർക്ക് പണമായി കൂലികൊടുക്കുന്നതിന്നു വിരോധമില്ലെന്നു ഒടുവിൽ സമ്മതിക്കയുണ്ടായി.

ഗവർമ്മേണ്ട് ഈ കാര്യത്തെപ്പററി സൂക്ഷ്മമായി ആലോചിച്ചു. കൃഷിക്കൂലിവേലക്കാർക്ക് ധാന്യമായി കൂലി കൊടുക്കുന്ന നിലവിലുള്ള നടപടി തുടർന്നുപോകുന്നതിന്നു സമ്മതിക്കുന്നതിലുള്ള മുഖ്യ വൈഷമ്യം എന്താണെന്നുവെച്ചാൽ ധാന്യമായി കൂലികിട്ടുന്ന കൂലിവേലക്കാർ തങ്ങളുടെ റേഷൻ കാർഡുകളിന്മേൽ സാരമായ തുകയോളം റേഷൻ സാമാനങ്ങളും വാങ്ങുകയില്ലെന്നു ഉറപ്പുവരുത്തുവാൻ ഫലപ്രദമായ മാർഗ്ഗമൊന്നുമില്ലെന്നുള്ളതാണ്. മലബാർ ജില്ലയിൽ, തങ്ങളുടെ നിലങ്ങളോടു ചേർന്നു താമസിക്കുന്ന വേലക്കാരുള്ള ഏതാൻ ചില നിലമുടമസ്ഥന്മാരൊഴികെ, മിക്ക കൃഷിക്കാരും തങ്ങളുടെ കൃഷി പ്രവൃത്തികൾക്കായി തൽക്കാലത്തേക്കുമാത്രമുള്ള കൂലിവേലക്കാരെയാണ് പണിക്കു വെക്കുന്നതു്. അതിനാൽ ധാന്യമായി കൂലി വാങ്ങുന്നവരുടെ പേരുകളുടെ ഒരു റിക്കാർഡ് വെക്കുവാൻ പ്രയാസമായിരിക്കും. മിക്ക കൃഷിക്കാരും, പ്രത്യേകിച്ച് ധാന്യം കുറവായുള്ള താലൂക്കുകളിലുള്ളവർ, അക്ഷരാഭ്യാസമില്ലാത്തവരാണു. അതിനാൽ ഏതേതാളുകൾക്കു ധാന്യമായി കൂലി കൊടുത്തുവെന്നും ഓരോരുത്തർക്കും കൊടുത്ത തുക എത്രയെന്നും കാണിക്കുന്ന കണക്കുകൾ വെക്കുവാൻ അവർക്കു സാധിക്കുമെന്നു വിചാരിച്ചുകൂടാ. അങ്ങിനെയുള്ള ഒരു കണക്കു ഇല്ലാതെയും, അങ്ങിനെയൊന്നു ഉണ്ടായാൽപോലും ധാന്യമായി കൂലിവാങ്ങുന്ന കൂലിവേലക്കാർ റേഷൻ സാധനങ്ങൾകൂടി വാങ്ങുകയില്ലെന്നു ഉറപ്പുവരുത്തുവാൻ സാദ്ധ്യമല്ല.

കൃഷിക്കൂലിപ്രവൃത്തിയുടെ വെവ്വേറെയുള്ള ഓരോ ഇനത്തിൻകീഴിലും കൂലിവേലക്കാർക്ക് ധാന്യമായി കൊടുക്കുന്ന തുക വളരെയുണ്ടാവാനിടയില്ല. എന്നാൽ ഒരു കൊല്ലം മുഴുവനും അങ്ങിനെ കൊടുത്തുവരുന്ന തുകകളെല്ലാംകൂടി കണക്കെടുത്തു നോക്കുമ്പോൾ, അവ നിലത്തിൽ നിന്നുള്ള ഉൽപന്നത്തിന്റെ ഗണ്യമായ ഒരു ഓഹരിയായിത്തീരുന്നു. ചില താലൂക്കുകളിൽ ഒരേക്ര നിലത്തിൽനിന്നുള്ള ശരാശരി വിളവ് സുമാറ് 60 പാലക്കാടൻ പറ നെല്ലാണെന്നു മതിപ്പു ചെയ്തിരിക്കുന്നു. ഇതിൽനിന്നു കൃഷിച്ചെലവുകൾക്കായി ഓരോ ഏക്കറിന്നു 20 പറ നെല്ല് സാധാരണയായി കൊടുത്തുവരുന്നുണ്ടെന്നു മലബാർ കുടിയായ്മക്കമ്മിററി അഭിപ്രായപ്പെട്ടു. ഇതു ആകെ വിളവിന്റെ സാരമായ ഒരു ശതമാനമാണ്. ഈ ജില്ലയിൽ ധാന്യസാമഗ്രികൾ കുറവാകകൊണ്ടു ഈ തുകയെ ഗവർമ്മേണ്ടിന്നു കണക്കാക്കാതെ വിടുവാൻ തരമില്ല.

കൃഷിക്കൂലിവേലക്കാർക്കു പണമായി കൂലികൊടുക്കുന്നതിന്നുള്ള ആക്ഷേപം അധികവും തെററിദ്ധാരണയെ ആസ്പദിച്ചുള്ളതാണ്. റേഷനിങ്ങ് നടപ്പാക്കിയാൽ, റേഷനായി നെല്ലു കിട്ടണമെന്നു പറയുന്ന എല്ലാ ആളുകൾക്കും, നെല്ലു തന്നെ കൊടുക്കുന്നതാണ്. നെല്ലിന്റെ വില നിശ്ചയിക്കുന്നതും അറിയുന്നതുമാണല്ലൊ. പലേ കൃഷി പ്രവൃത്തികൾക്കും ധാന്യമായി കൂലി കൊടുക്കുന്നതിന്നുള്ള തോതുകൾ നിലമുടമസ്ഥന്മാർക്കും കൂലിവേലക്കാർക്കും ഇരുകൂട്ടർക്കും നല്ലവണ്ണം അറിവുള്ളതാണ്. കൃഷിക്കൂലിവേലക്കാർക്കു പണമായി കൂലികൊടുക്കുന്നതായാൽ, കൃഷിപ്രവൃത്തിയുടെ ഓരോ ഇനത്തിന്നും സാധാരണയായി കൂലികൊടുക്കുന്ന നെല്ലിന്റെ തുകക്കുള്ള ശരിയായ പണവില കൂലിവേലക്കാർക്കും കൃഷിക്കാർക്കും ഇരുകൂട്ടർക്കും അറിയാവുന്നതാണ്. അതുകൊണ്ട്, കൂലിവേലക്കാർക്കു ചെല്ലേണ്ടതായ കൂലി കൊടുക്കാതെ അവരെ ചതിക്കുകയൊ, പണമായി അധികം കൂലികൊടുപ്പാൻ നിലമുടമസ്ഥന്മാർ നിർബ്ബന്ധിക്കപ്പെടുകയൊ ചെയ്യാതെ, കൃഷിക്കൂലിവേലക്കാർക്കു പണമായി കൂലികൊടുപ്പാൻ നിലമുടമസ്ഥന്മാർക്കു പ്രയാസമുണ്ടായിരിക്കയില്ല.


കൂടാതെ, കൂലിവേലക്കാർക്കു ധാന്യമായി കൂലി കിട്ടുന്ന നെല്ലു മുഴുവനും അവർ ഭക്ഷണത്തിന്നായി ഉപയോഗിക്കുന്നതല്ല. അതിന്റെ ഗണ്യമായ ഒരു ശതമാനം, പരിപ്പ്, വെളിച്ചെണ്ണ, പുളി, മണ്ണെണ്ണ എന്നിങ്ങനെ ആവശ്യമുള്ള മററു സാമാനങ്ങൾ വാങ്ങുന്നതിന്നുവേണ്ടി അവർ വില്ക്കേണ്ടിവരുന്നു. മലബാർ ജില്ലയിൽ ചിലേടങ്ങളിൽ ഇപ്പോഴും കൃഷിക്കൂലിവേലക്കാർക്കു പണമായി കൂലികൊടുത്തുവരുന്നുണ്ട്.

ഉദ്ദേശിക്കപ്പെട്ട ഭക്ഷണധാന്യ സംഭരണ പദ്ധതിപ്രകാരം, കൂലിവേലക്കാരന്നാണ് അധികം ഗുണം കിട്ടുക. തല്ക്കാലം കുറച്ചു മാസങ്ങൾക്കു അവന്നു ധാന്യമായി കൂലി കിട്ടുന്നതല്ലെങ്കിലും, നെല്ലോ അരിയോ ഇല്ലാതെ കൊല്ലത്തിൽ പലേ മാസങ്ങളിലും അവൻ ഇരിക്കേണ്ടിവരും. കുറച്ചു മാസങ്ങൾ അവൻ പണമായി കൂലി വാങ്ങുവാൻ സമ്മതിക്കുന്നതുകൊണ്ടു്, അവന്നു കൊല്ലം മുഴുവനും ക്രമമായി തനിക്കു വേണ്ടുന്ന ഭക്ഷണധാന്യം കിട്ടുമെന്നു ഉറപ്പായിരിക്കാം. അതിനാൽ കൃഷിച്ചെലവുകൾക്കു ധാന്യമായി കൂലികൊടുക്കുന്നതിന്നു കൃഷിക്കാരന്നു ധാന്യത്തിൽനിന്നു യാതൊരു ഓഹരിയും അനുവദിച്ചു കൊടുക്കുന്നതില്ലെന്നു ഗവൺമെണ്ട് തീർച്ചപ്പെടുത്തിയിരിക്കുന്നു.

എന്നാൽ നിലവിലുള്ള നെൽവിള കൊയ്യുന്ന സംഗതിയിൽ ഒരു ഒഴിവ് അനുവദിക്കുന്നതിന്നു ഗവൺമെണ്ട് സമ്മതിച്ചിട്ടുണ്ട്. ഒരു പ്രത്യേക സംഗതിയെന്നപോലെ, നിലവിലുള്ള വിളകൊയ്യെടുക്കുന്നതിൽ ഏർപ്പെടുന്ന കൂലിവേലക്കാർക്കു, കൊയ്യുകയും മെതിക്കുകയും ശേഖരിച്ചുവെക്കുകയും ചെയ്യുന്നതിന്നുള്ള കൂലിയായി ധാന്യത്തിന്റെ ഒരോഹരിയെടുപ്പാൻ അനുവദിക്കുന്നതാണ്. അടുത്തുവരുന്ന കൊയ്ത്തുകാലത്തു, റേഷനിങ്ങ് നടപ്പിൽ വന്നിരിക്കയില്ല. ക്രമമായി റേഷൻ സാധനങ്ങൾ കിട്ടുമെന്നു ഉറപ്പായിരിക്കാമെന്നു യഥാർത്ഥ അനുഭവം കൊണ്ടു കൂലിവേലക്കാർക്കു വിശ്വാസം ജനിക്കുന്നതുവരെ, ധാന്യമായി കൂലികൊടുക്കുന്നതിന്നു നിലവിലുള്ള സമ്പ്രദായത്തിന്നു യാതൊരു മാററവും വരുത്തുന്നതല്ല. അങ്ങിനെ കൂലികൊടുക്കുന്നതു്, നിയമപ്രകാരമുള്ള ഭക്ഷണധാന്യ സംഭരണം തുടങ്ങുകയും നിയമപ്രകാരമുള്ള റേഷനിങ്ങ് ആരംഭിക്കുകയും ചെയ്യുന്നതിന്നിടക്കുള്ള കാലം കഴിച്ചുകൂട്ടുവാൻ കൃഷിക്കൂലിവേലക്കാർക്കു സഹായമായിത്തീരുകയും ചെയ്യും.

4. <u>ഗവൺമെണ്ട് ഭക്ഷണധാന്യം വിലക്കെടുക്കുന്നതിന്നു മുമ്പായി, ഏതേതാളുകളുടെ ഇടയിൽ ധാന്യം ഓഹരി ചെയ്യാൻ അനുവദിക്കണമെന്ന്</u>:—കൃഷിക്കാരനും തന്റെ നിലമുടമസ്ഥനും തമ്മിൽ വിളവുധാന്യം ഓഹരി ചെയ്യെടുക്കുന്നതിന്നു നിലവിലുള്ള നടപടി മാററുവാൻ ഉദ്ദേശിക്കുന്നില്ല. തന്റെ ജന്മിക്കോ കാണക്കാരന്നോ ധാന്യമായി കൊടുക്കേണ്ടുന്ന വിളവു ധാന്യത്തിന്റെ ഓഹരി അവർക്കു കൊടുപ്പാൻ കൃഷിക്കാരനെ അനുവദിക്കുന്നതാണ്. എന്നാൽ അങ്ങിനെ കൊടുക്കുന്നതിന്നു മുമ്പായി, കൃഷിക്കാരൻ അങ്ങിനെ കൊടുക്കുന്നതിന്നുവേണ്ടി തന്റെ അംശത്തിലെ മേനവനിൽനിന്നു ഒരു പർമ്മിററ് വാങ്ങേണ്ടതും, ആ ധാന്യം ആർക്കു കൊടുക്കുന്നുവോ അയാളിൽനിന്നു ഒരു രശീതി വാങ്ങേണ്ടതുമാകുന്നു. ഒരു പർമ്മിററ് വാങ്ങണമെന്നു നിർബ്ബന്ധിക്കുന്നതിന്റെ ഉദ്ദേശം, ഏതേതാളുകളുടെ ഇടയിൽ ധാന്യം ഓഹരി ചെയ്തുവെന്ന വിവരം ധാന്യമെടുപ്പു് ആഫീസർമാരെ അറിയിക്കണമെന്നുള്ളതാണ്.

ധാന്യസംഭരണത്തിന്നുള്ള ഈ നടപടികൾ ആവശ്യമായിവന്നതു്, ഈ ജില്ലയിൽനിന്നു കിട്ടാവുന്ന ഭക്ഷണധാന്യങ്ങളും പുറത്തുനിന്നു കിട്ടുന്ന ധാന്യത്തിന്റെ ക്വോട്ടായും ന്യായമായി വിതരണം ചെയ്യുന്നതു് സുനിശ്ചിതമാക്കുന്നതിന്നു വേണ്ടിയാണ്. നിർദ്ദേശിക്കപ്പെട്ട ഈ ഏർപ്പാടുകളിൽ സംബന്ധപ്പെട്ട എല്ലാവരും സഹകരിക്കുമെന്നു കമ്മീഷണർ വിശ്വസിക്കുന്നു.




ഈ പടം റഷ്യൻ യുദ്ധരംഗം എത്ര കണ്ടു ജർമ്മനിക്കടുത്തെത്തിട്ടുണ്ടെന്നു് തെളിയിക്കുന്നു. ഇപ്പോൾ റഷ്യൻ സൈന്യത്തിന്റെ അതിഗംഭീരമായ യുദ്ധം നടക്കുന്നതു ബാൾക്കൻ പ്രദേശത്താണെങ്കിലും ഈ പടത്തിൽ കാണുന്നപോലെ മററു ഖണ്ഡങ്ങളിൽ യുദ്ധത്തെ ജർമ്മനിക്കതിർത്തിയിലെത്തിച്ചതിന്നു ശേഷമാണ് ബാൾക്കനിലേക്കു് ദൃഷ്ടി പതിപ്പിച്ചതു്.

# ക്ലാർക്കിന്റെ ഭാര്യ

(ശ്രീമതി ഐ. കുഞ്ഞിലക്ഷ്മി)

(തുടർച്ച)

## V

പ്രതീക്ഷിച്ചിരുന്ന പാർട്ടി ദിവസവും വന്നെത്തി. ലീല പുതുതായ് വാങ്ങിയ വസ്ത്രങ്ങളും സ്വല്പമായ് അവൾക്കുണ്ടായിരുന്ന ആഭരണങ്ങൾക്കുപുറമെ നളിനിയാൽ നല്കപ്പെട്ട വൈരമാലയും വളകളും ധരിച്ച് ഒരു സ്വർപ്പൂടിയെപ്പോലെ പ്രകാശിച്ചു. ശ്രീധരൻ നായർ ആപ്പീസ്സിൽനിന്ന വന്നസമയം കണ്ട ആ അപൂർവ്വകാഴ്ച അയാളുടെ കണ്ണുകളെ മങ്ങിച്ചു. ശരീരമാസകലം സ്തംഭിച്ചു. അനങ്ങാതെ കണ്ണിമക്കാതെ നിന്നുപോയ്. അല്പസമയം കൊണ്ട മോഹാന്ധകാരത്തിൽനിന്ന വിമുക്തനായി അയാൾ കൈകൾ രണ്ടും നീട്ടിക്കൊണ്ട ഭാര്യയുടെ സമീപത്തേക്കടുത്തു എന്നാൽ ഭർത്താവിന്റെ പ്രണയപാരവശ്യങ്ങൾക്ക വശപ്പെടുവാൻ ലീല അപ്പോൾ തയ്യാറില്ലായിരുന്നു. എന്തെന്തോ വ്യാമോഹങ്ങൾ അവളുടെ മനസ്സിൽ തിരതല്ലിക്കയറിയിരുന്നു. "അതിദുർല്ലഭമായിരിക്കുന്ന സൌന്ദര്യസമ്പത്ത് മതിമറന്ന തന്റെ മേൽ ബ്രഹ്മാവ് വാരിച്ചൊരിഞ്ഞപ്പോൾ, എന്തുകൊണ്ട്, അതിനടുത്തൊരു ഭാഗ്യവും കൊടുത്തില്ലാ. ഒരു സമയം ഭാഗ്യം വലിഞ്ഞു കയറാനുള്ളൊരു ഭാവിയുടെ നാന്ദിയായിരിക്കുമോ അന്നത്തെ പുറപ്പാട്. ഏതായാലും പ്രകാശമാനമായൊരു ഭാവി തനിയ്ക്കുണ്ട്. ഈ വെറുമൊരു ക്ലാർക്കിന്റെ ഭാര്യയാവാനുള്ള യോഗ്യതയല്ലാ തനിയ്ക്കുള്ളു" ഇങ്ങിനെ ഓരോന്ന വിചാരിച്ചുകൊണ്ട നിന്നിരുന്ന ലീല ഭർത്താവിന്റെ കൈകൾ രണ്ടും തട്ടി നീക്കി കുറച്ചകലെയായ് നീങ്ങിനിന്ന്, ആയാളുടെ കരസ്പർശം കൊണ്ട് തന്റെ വസ്ത്രധാരണത്തിന്ന വല്ല ന്യൂനതയും വന്നിട്ടുണ്ടോ എന്ന നോക്കി. ഇതു കണ്ട ശ്രീധരനും "ഓഹോ! നിനക്ക എന്റെ കൈകൊണ്ടാൽ സാരി ഉലഞ്ഞു പോകുമെന്നാണോ ഭയം, ശരി. ഞാൻ തൊടുന്നില്ല." എന്ന പറഞ്ഞു അധികം താമസിയാതെ രണ്ടുപേരും കൂടി സൽക്കാരത്തിന്ന പോവുകയും ചെയ്തു.

ശ്രീധരൻനായർ ലീലയോടുകൂടി സൽക്കാര ഹാളിലേയ്ക്കു കടന്നയുടനെ, അവിടെയൊരു നിശ്ശബ്ദതയുണ്ടായി. ശ്രീധരൻ നായർ സമന്മാരായ പലർക്കും ഭാര്യയെ പരിചയപ്പെടുത്തി. അനവധി പ്രമാണികൾ, ലീലയുടെ അസാധാരണ സൌന്ദര്യത്താൽ മദോന്മത്തന്മാരായ് ശ്രീധരൻ നായരുടെ നിസ്സാരത്വം കൂടി മറന്നു. ലീലയെ പരിചയപ്പെടുത്താനും അവളുമായ് സംസാരിയ്ക്കുവാനും ആഗ്രഹിച്ചു. വിദ്യാഭ്യാസമുണ്ടായിരുന്നതിനാൽ സങ്കോചംകൂടാതെ, സമയോചിതമായ് പെരുമാറുവാൻ ലീലയ്ക്കു നിഷ്പ്രയാസം സാധിച്ചു. ചില എടപ്രമാണികൾ അവളെ നിഴലെന്ന പോലെ അനുഗമിക്കുവാനും തുടങ്ങി ഇതെല്ലാം കണ്ട് ശ്രീധരന്നായരുടെ ഹൃദയത്തിൽ എന്തൊന്നില്ലാത്തൊരു വികാരമുണ്ടായി. പ്രകാശിച്ചിരുന്ന ആയാളുടെ മുഖം പെട്ടെന്ന മങ്ങി, ഹൃദയം ശൂന്യമായി. അയാൾക്കാ സ്സൽക്കാരത്തിന്ന യാതൊരു അഭിരുചിയും ഉണ്ടായില്ല. ഭാര്യമൂലം ചില വിഡ്ഢികൾ അയാളെ അഭിനന്ദിച്ചു. അയാൾക്കതിന്ന ശരിയായ മറുവടി തന്നെ പറയുവാൻ സാധിച്ചില്ല. അയാൾക്ക എല്ലാം മങ്ങിയപോലെ തോന്നി. അയാളുടെ ജീവനാഡിയോ, കണ്ണുകളോ, എന്താണ് മങ്ങുന്നതെന്ന അറിവില്ലായിരുന്നു. ലീല എന്നന്നേയ്ക്കുമായ് തനിയ്ക്കു നഷ്ടപ്പെട്ടു പോകുമോ എന്നുതന്നെ ആ സാധു ഭയപ്പെട്ടു. പരിപൂർണ്ണമായൊരു സ്നേഹവും തൃപ്തിയും ലീലയ്ക്കു തന്റെ മേൽ ഇല്ലെന്ന അയാൾക്ക് മുമ്പുതന്നെയറിയാമായിരുന്നു. പാവം, സാധു, നരകദുഖം അനുഭവിച്ചുകൊണ്ടിരിക്കെ, ലീല ആവക യാതൊന്നും അറിയുന്നേയില്ല.

അവൾക്ക തല്ക്കാലികമെങ്കിലും, കാമുകന്മാർ ധാരാളമുണ്ടായി. യുവാക്കന്മാർ അവളുടെ ഒരു കടാക്ഷത്തിന്നായ് പാടുകിടക്കുന്നു. തന്റെ സൌന്ദര്യപ്രൌഢിയുടെ മഹിമ നല്ലവണ്ണം മനസ്സിലാക്കിയിരുന്ന ലീല ഇന്ദ്രസദസ്സിലെ ഇന്ദ്രാണിയെപ്പോലെ ശോഭിച്ചു. അന്നവിടെക്കൂടിയിരുന്ന സ്ത്രീകളിൽ ആരുംതന്നെ "ഈ സുരലോക സുന്ദരി, അല്ലെങ്കിൽ ഉർവ്വശി" ഒരു വെറും ക്ലാർക്കിന്റെ ഭാര്യയാണെന്ന ശങ്കിക്കുകകൂടി ചെയ്തിരുന്നില്ലാ. അവളുടെ കഴുത്തിൽ കിടന്ന മിന്നിത്തിളങ്ങുന്ന വൈരമാല, അവളെ എളുപ്പത്തിൽ ഒരു പ്രഭുവിന്റെ കുടുംബിനിയാണെന്ന ധരിപ്പിച്ചു. ആ മുത്തുമാലയുടെ മാഹാത്മ്യവും അസാദ്ധ്യംതന്നെ. അതുണ്ടായിരുന്നില്ലെങ്കിൽ അവൾക്ക ആ ദിവസം അത്ര പ്രൌഢി ഒരിക്കലും ഉണ്ടാവുന്നതല്ലായിരുന്നു.

നേരം 10 മണിയായതോടുകൂടി ലീലയുടെ സുരവാസസുഖത്തിന്നും, ശ്രീധരന്നായരുടെ നരകലോക ദുഖത്തിന്നും ശാന്തി ലഭിച്ചു. അതിഥികളെല്ലാം ഓരോരുത്തരായ് യാത്രപറഞ്ഞു പിരിഞ്ഞു തുടങ്ങി. ശ്രീധരന്നായർ രണ്ടു മൂന്നു തവണ ലീലയെ പോകുവാനായ് വിളിച്ചുവെങ്കിലും അവൾ എല്ലാവരും പോകുന്നതുവരെ പോകുവാൻ സമ്മതിച്ചില്ലാ. ചില യുവാക്കൾ അവളോടുള്ള സംഭാഷണസുഖമനുഭവിച്ചുകൊണ്ടു കുറച്ചുനേരംകൂടി നിന്നുനോക്കി. അവസാനം അവരും മനമില്ലാമനസ്സോടെ ഒരുവിധം യാത്ര പറഞ്ഞു ജീവച്ഛവംപോലെ യാത്രയായി. അവസാനമായ് മി. യും മിസ്സിസ്സും ശ്രീധരന്നായർ യാത്രക്കാരംഭിച്ചു. സമയം രാത്രി പത്തുമണി കഴിഞ്ഞിരുന്നതിനാൽ നല്ല ഇരുട്ടായിരുന്നു. അധിക ജനവാസമില്ലാത്തൊരു സ്ഥലത്തിൽക്കൂടെ പോകേണ്ടിവന്നിരുന്നതിനാൽ തനിയെ നടന്നു പോകുവാൻ അവർ ധൈര്യപ്പെട്ടില്ലാ. ശ്രീധരന്നായർ ഒരു വണ്ടി പിടിക്കുവാൻ തന്നെ നിശ്ചയിച്ചു. ലീലക്ക ഒരു ടാക്സി വേണമെന്നായിരുന്നു മോഹം. എന്നാൽ സമയാധിക്യം കൊണ്ട് ടാക്സിയുമൊന്നും കിട്ടിയില്ല. ഒരു വെറും പൊട്ട ജട്കാവണ്ടി കിട്ടി. ഗത്യന്തരമില്ലാത്തതിനാൽ ലീല ഒരുവിധം അതിൽ കയറിക്കൂടി. ശ്രീധരന്നായരും കയറി. വണ്ടി കുറേ ദൂരം ചെന്നപ്പോൾ ഏകദേശം പകുതി വഴി ചെന്നപ്പോൾ, കുതിര അവിടെ വീണു. വണ്ടിക്കാരൻ പഠിച്ച പണിയെല്ലാം നോക്കീട്ടും കുതിര എഴുനീററതേയില്ലാ. അവസാനം ശ്രീധരൻ നായർ വണ്ടിക്കാരന്ന കൂലിയും കൊടുത്ത് ഭാര്യയുടെ കയ്യ പിടിച്ച് നടന്നുതുടങ്ങി. ലീല എടക്കിടക്ക സൽക്കാരാവസരത്തിനെപ്പററി പറയാൻ തുടങ്ങുമ്പോഴെല്ലാം കേൾക്കുന്നതുതന്നെ ശല്യമെന്ന മാതിരി മി. നായർ "മിണ്ടാതിരിക്കു, നമ്മൾ കടന്നു പോകുന്നതാരും അറിയേണ്ട" എന്ന പറഞ്ഞു ലീലയെ വിലക്കും. ഇങ്ങിനെ അർദ്ധരാത്രിയായപ്പോഴേക്ക അവർ വീട്ടിലെത്തിച്ചേർന്നു.

ലീല അകത്തുകടന്ന വിളക്കുകൊളുത്തിയയുടനെ നിലക്കണ്ണാടിയുടെ മുമ്പിൽ ചെന്നുനിന്ന് തന്റെ സൌന്ദര്യസമൃദ്ധി ഒരാവർത്തികൂടി നോക്കി ആഹ്ലാദിച്ചു. അപ്പോൾ അവളുടെ കണ്ണുകൾ മേശപ്പുറത്തു കിടക്കുന്ന വൈരമാലയുടെ പെട്ടിമേൽ പതിഞ്ഞു. അതെടുത്തു അതിന്റെ വിചിത്രവേലകളിൽ ഒന്ന കണ്ണോടിച്ചു. വൈരമാല അതിൽ വെക്കുവാനായി കഴുത്തിൽ തപ്പിനോക്കി. വൈരമാല കാൺമാനില്ല. അവൾ പിന്നേയുംപിന്നേയും കഴുത്തിൽതപ്പിനോക്കി. മാല കാൺമാനില്ല. വസ്ത്രങ്ങൾ ഓരോന്നും വെവ്വേറെ അഴിച്ചു കുടഞ്ഞുനോക്കി. കാൺമാനില്ല. ശ്രീധരന്നായരെ വിളിച്ചു കാര്യം ധരിപ്പിച്ചു. രണ്ടുപേരുംകൂടി തിരച്ചൽ തുടങ്ങി. യാതൊരു ഫലവുമില്ല. ഒടുവിൽ ലീല വണ്ടിയിൽ കിടന്ന സമയം അതിലെങ്ങാനും വീണുപോയിട്ടുണ്ടാകുമോ? എന്ന മങ്ങിയ സ്വരത്തിൽ ചോദിച്ചു. നോക്കട്ടെ വണ്ടിയുടെ നമ്പർ അറിയില്ലല്ലൊ. വണ്ടിക്കാരനേയും അറിയില്ല. പിന്നെ എന്തു ചെയ്യും. എന്നാലും ഞാനൊന്ന പരീക്ഷിക്കട്ടെ എന്നപറഞ്ഞു ശ്രീധരൻ നായർ കോട്ടഴിച്ചു ഒരാണിയിന്മേൽ തൂക്കി ഒരു ഗ്ലാസ്സ് വെള്ളം എടുത്തു കുടിച്ചു ഉടനെ വണ്ടി തിരഞ്ഞു പുറത്തിറങ്ങി.

പിറെറ ദിവസം പത്തുമണിയോടുകൂടി ശ്രീധരൻ നായർ മടങ്ങിയെത്തി. ക്ഷീണിച്ചു വലഞ്ഞു വന്നിരുന്ന ആയാൾക്ക് കൊടുക്കുവാൻ വീട്ടിൽ ഒരു തുള്ളി ചായകൂടി ഭാര്യ തെയ്യാർചെയ്തു വെച്ചിരുന്നില്ലാ. കാരണം അവൾ കട്ടിലിൽ കിടന്ന കരയുകയല്ലാതെ വേറെയൊന്നും ചിന്തിക്കുകയുണ്ടായില്ല.

ശ്രീധരൻ നായരെ കണ്ടയുടനെ ലീല 'എന്താ' എന്ന ചോദിച്ചു. യാതൊരു തുമ്പും ഉണ്ടായില്ലാ. വണ്ടിക്കാരനെ ആദ്യം കണ്ടില്ലാ. വണ്ടി അവിടെ തന്നെ നിന്നിരുന്നു. ഒടുവിൽ വണ്ടിയുടെ നമ്പറെടുത്തു വണ്ടിക്കാരനെ കണ്ടു ചോദിച്ചപ്പോൾ അവനൊന്നും അറിയില്ലെന്ന പറഞ്ഞു. ഞാനും അവനുംകൂടി വണ്ടിയൊക്കെ പരിശോധിച്ചു, കണ്ടില്ലാ. ഒടുവിൽ ഒരു സ്നേഹിതനായ പോലീസ്സുകാരനെക്കൊണ്ട് കുറെ ഭീഷണിപ്പെടുത്തി. അതുകൊണ്ടൊന്നും ഫലമുണ്ടായില്ല. നമ്മൾ വന്നവഴി രണ്ടുപ്രാവശ്യം തിരഞ്ഞു. യാതൊരു ഫലവുമുണ്ടായില്ല. ലീല ഒന്നുംമിണ്ടാതെ നിന്നു. അവളുടെ ഹൃദയം ഇരുളടഞ്ഞു. തലേദിവസത്തിലെ സ്വർഗ്ഗവും സുഖവും അന്നത്തെ നരകദുഖവും അവൾ ഒരേനിമിഷത്തിൽ സ്മരിച്ചു. അഹങ്കാരംകൊണ്ടുണ്ടായ കെടുതിയാണതെന്നും തീർച്ചപ്പെടുത്തി. തിങ്കളാഴ്ച നളിനിക്ക ആഭരണങ്ങൾ മടങ്ങിക്കൊണ്ടുപോയ് കൊടുത്തുകൊള്ളാമെന്നവൾ ഏററിരുന്നു.

ഒടുവിൽ രണ്ടുപേരുമായ് ആലോചിച്ചു മാലയുടെ പെട്ടിമേൽ നോക്കി. അതു വാങ്ങിയ

കമ്പിനിക്കുണ്ടുപിടിച്ചു ആ പെട്ടിയുംകാട്ടി ചോദിച്ചതിൽ, ആ കമ്പനി മാനേജർ പുസ്തകം നോക്കി ആ വൈരമാല താൻ കഴിഞ്ഞ കൊല്ലത്തിൽ ബാരിസ്റ്റർക്കു വിററതാണെന്നും അതിന്നു 50,000ക. വിലയുണ്ടെന്നും അതേപ്രകാരംതന്നെ ഒന്നുംകൂടി പണിതീർന്നു ഇരുപ്പുണ്ടെന്നും പറഞ്ഞു് ഒരു വൈരമാല കാട്ടിക്കൊടുത്തു. ശ്രീധരൻ നായർ മാലവാങ്ങി നോക്കി. ലീലക്കു അബദ്ധം വന്നുപോയ മാലയ്ക്കും അതിന്നും വ്യത്യാസമില്ലെന്നു കണ്ടു്. തന്റെ ഒരു സ്നേഹിതനായ വക്കീലിനേയും കൂട്ടിവന്നു അയാളുടെ സ്വന്തം വീടും വസ്തുക്കളും പണയമെഴുതി, മാസംമാസമൊരു തുകയും കൊടുക്കുവാൻ നിശ്ചയിച്ചു് വൈരമാലയും വാങ്ങി വീട്ടിലേക്കു മടങ്ങി. ഇതയൊക്കെയും കഴിഞ്ഞപ്പോഴേക്കു ദിവസം രണ്ടുമൂന്നു കഴിഞ്ഞു.

ഒരു ദിവസം ഉച്ചക്കു ലീല വാടിയ മുഖത്തോടുകൂടി നളിനിയുടെ അടുത്തിരിക്കുന്നു.

നളിനി: എന്താ ലീലെ ഇത്ര ക്ഷീണം? പ്രസരിപ്പു തുളുമ്പുന്ന നിന്റെ മുഖത്തു ഇങ്ങിനെയൊരു ഭാവം ഇദംപ്രഥമമാണല്ലൊ. അന്നത്തെ സല്ക്കാരമെങ്ങിനെ.

ലീല: എല്ലാം വിശേഷമായ് എന്നു ഒരു നെടുവീർപ്പോടെ പറഞ്ഞു. നളിനി, തിങ്കളാഴ്ച കൊണ്ടുവരേണ്ടതായ ആഭരണങ്ങൾ ഇന്നു വെള്ളിയാഴ്ചവരെ കൊണ്ടുവരാഞ്ഞതുകൊണ്ട് നളിനി പരിഭ്രമിച്ചിരിക്കുമൊ?

നളിനി: ഇല്ല ലീലെ അശേഷം പരിഭ്രമിച്ചില്ലാ.

നളിനി ലീലയെക്കൊണ്ടു് സല്ക്കാരാവസരത്തിലെ നേരംപോക്കുകളെ പറയിപ്പിക്കുവാൻ വളരെ ശ്രമിച്ചു. മുമ്പൊക്കെ എത്ര രസികത്വം പറഞ്ഞാലും അവസാനിക്കാത്ത ലീലക്കു അന്നു രസികത്വത്തിൽ ഒട്ടും താല്പര്യം കണ്ടില്ലാ.

ലീലക്കെന്തോ കിണ്ടം പിണഞ്ഞിട്ടുണ്ടെന്നു നളിനിയും നിശ്ചയിച്ചു.

അന്നുമുതൽ ലീലയുടെ സ്വഭാവത്തിന്നു വളരെ വ്യത്യാസം കണ്ടു. ഭർത്താവു വീട്ടിലേക്കു വരുമ്പോൾ ലീല പുഞ്ചിരിയോടുകൂടി കാത്തു നില്ക്കും. അദ്ദേഹത്തെ സവ്വോപകരണേനയും ശീലാവതിയെപ്പോലെ പരിചരിച്ചുവന്നു. സാമ്പത്തികമായ് മി. നായർക്കു് വലിയൊരു ബുദ്ധിമുട്ടു നേരിടേണ്ടിവന്നെങ്കിലും, ഗൃഹജീവിതം സ്വർഗ്ഗസമാനമായ് ത്തിർന്നു. അധികകാലം കഴിയുന്നതിന്നുമുമ്പായ് ലീലയ്ക്കു ഗർഭചിഹ്നങ്ങളൊക്കെ കണ്ടുതുടങ്ങി. എന്തിനേറെപ്പറയുന്നു അഞ്ചാറു കൊല്ലങ്ങൾകൊണ്ടു്, അവക്കു നാലഞ്ചു കുട്ടികളുമായി. അക്കാലത്തേയ്ക്കു യുദ്ധം കഠേദ്ദ്യയായ് തുടങ്ങിയിരുന്നു. രത്നവ്യാപാരിക്കു കൊടുക്കുവാനുള്ളതിന്നു ശമ്പളത്തിൽനിന്നൊന്നും കൊടുക്കുവാൻ നിവൃത്തിയില്ലാതെയായി. ഒടുവിൽ ഒരു മാർവാടിയോടുതന്നെ വാങ്ങികൊടുക്കേണ്ടിവന്നു. മാർവാടിയുടെ പിടിയിൽപെട്ടാൽ പിന്നെ എട്ടുകാലിയുടെ വലയിൽപ്പെട്ട ഈച്ചക്കു സമമല്ല. പിന്നെയുണ്ടൊ വിട്ടുപോകുവാൻ വഴി.

ശ്രീധരൻ നായർ എല്ലാംകൂടികുഴങ്ങി. അയാൾ പ്രവൃത്തിയെടുത്തിരുന്ന ഓഫീസിൽ എന്താ ചില കശപിശകൾ വന്നതുകൊണ്ടും, ആ കമ്പനി അഗ്നിബാധക്കിരയായതുകൊണ്ടും ശ്രീധരൻ നായക്കു ഉദ്യോഗവും നഷ്ടപ്പെട്ടു. ഭാര്യയും നാലഞ്ചുകുട്ടികളും വീട്ടിലും, മാർവാടിയുടെ ആളുകൾ പുറത്തും ആയി, സമ്പാദ്യത്തിന്നുള്ള വഴിയും നിന്നു. പട്ടിണിയും പാടും സഹിക്കവയ്യാതെയായി. ധീരനായ ആ യുവാവു് ചില സമയങ്ങളിൽ ആത്മഹത്യയ്ക്കുംകൂടി വശംവദനായിരുന്നുവെങ്കിലും, താനങ്ങിനെ ചെയ്താൽ ലീലയും കുട്ടികളും എന്തുചെയ്യുമെന്നോക്കുമ്പോൾ, പിന്നെ ധൈര്യം അവലംബിച്ചു ഉദ്യോഗത്തിന്നു ശ്രമിക്കും. ഇങ്ങിനെ കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോഴേക്കു അയാൾക്കൊരു വഴികിട്ടി. ബമ്മയിൽ ഒരു ഉദ്യോഗം കിട്ടി. ഭാര്യയേയും കുട്ടികളേയുംകൂട്ടി അങ്ങോട്ടു പോയി ഒരുവിധം സുഖമായ് കാലക്ഷേപം ചെയ്തുവന്നു

## VI

മദ്ധ്യാഹ്നസൂര്യന്റെ പ്രകാശം അല്പാല്പമായ് മങ്ങിത്തുടങ്ങിയിരിക്കുന്നു. അദ്ദേഹവും വിശ്രമാർത്ഥം ചരമഗിരിയെ ശരണം പ്രാപിക്കുവാനുള്ള ഉത്സാഹത്തോടെ അശ്വങ്ങളെ ത്വരിതപ്പെടുത്തുന്നു. മന്ദമാരുതനും ആഹ്ലാദഭരിതനായി ക്ഷീണിച്ചവശന്മാരായ പട്ടണവാസികളെ, പ്രോത്സാഹിപ്പിക്കുവാനും, കുളൂർപ്പിക്കുവാനുമെന്നപോലെ മന്ദംമന്ദം വീശികൊണ്ടിരുന്നു. മേഴ്സ് ജനറൽ ആസ്പത്രിയുടെ മുമ്പിൽ വിശേഷപ്പെട്ടതും പുതിയ മോഡലും ആയ ഒരു ഓസ്റ്റിൻ കാർ നില്ക്കുന്നു. അതിന്നുള്ളിൽ മദ്ധ്യവയസ്കയായിരുന്ന ഒരു കുലീന വനിതയിരിക്കുന്നു. അവർ ഏതൊ ഒരു കുലീനയാണെന്നു ഒററ നോട്ടംകൊണ്ടു് ഏവക്കും മനസ്സിലാക്കാം എന്നാലും ആഡംബരത്തോടുകൂടിയ വസ്ത്രഭൂഷണാദികളൊന്നും അവക്കുണ്ടായിരുന്നില്ല. പ്രായോചിതങ്ങളായ ചില്ലറ ആഭരണങ്ങളും വെള്ള വസ്ത്രങ്ങളുമാണവർ ധരിച്ചിരുന്നതു്. റോഡിൽ ആസ്പത്രിയുടെ ഗേററിന്നരികെ ഒരു സ്ത്രീ നാലഞ്ചുവയസ്സു പ്രായമുള്ള ഒരു കുട്ടിയുടെ കയ്യുംപിടിച്ചുകൊണ്ടു് നില്ക്കുന്നു. ഗേററ്കീപ്പർ അവളോടു എന്തോ പരുഷമായ് സംസാരിക്കുന്നതുപോലെ അവന്റെ മുഖഭാവംകൊണ്ടു നിർണ്ണയിക്കാം. ആ സ്ത്രീയൊ രണ്ടു വാക്കുംകൂടി കേട്ടാൽ കരയുവാൻ തെയ്യാറാണെന്ന നിലയിൽ അത്രവിവശപ്പെട്ടവളായ് കാണപ്പെട്ടു. അവളുടെ കുട്ടിയും അമ്മയുടെ വസ്ത്രങ്ങളുടെ തുമ്പുപിടിച്ചുവലിച്ചു എന്തൊക്കെയൊ പറഞ്ഞു ഉപദ്രവിക്കുന്നു.

കാറിൽ ഇരുന്നിരുന്ന സ്ത്രീ ഈ കാഴ്ച കുറച്ചുനേരം നോക്കിക്കൊണ്ടിരിക്കെ അവളുടെ മനസ്സിൽ പലേ ചിന്തകളും പൂർവ്വസ്മരണകളും തിങ്ങിമറിഞ്ഞുകൊണ്ടിരുന്നു. അവക്കു അവരുടെ വിദ്യാർത്ഥിജീവിതവും അതിനെ തുടന്നു യൌവനദശയിലെ ഭർത്തൃമതിയായ് സ്വർഗ്ഗസുഖങ്ങളനുഭവിച്ചുവന്ന കാലങ്ങളുമെല്ലാം ഓമ്മവന്നു. അവർ ഉടനെ ഡ്രൈവറെ വിളിച്ചു ഗേററിന്നരികെ നില്ക്കുന്ന ആ സ്ത്രീയെ വിളിക്കുവാൻ പറഞ്ഞ പ്രകാരം ആ പ്രാകൃത സ്വരൂപം കാറിന്നടുത്തു വന്നുനിന്നു. കാറിലുള്ള സ്ത്രീ: “എന്താ നിങ്ങളെ കാവൽക്കാരൻ അകത്തേക്കു കടത്തുന്നില്ലയൊ?

പ്രാകൃതസ്ത്രീ: ഇല്ലാ, അമ്മേ.

കുലീന: കാരണം.

പ്രാകൃത: അവൻ നേരംവൈകി, ഇനി കടത്തില്ലെന്നു പറയുന്നു.

കുലീന: നിങ്ങൾക്കു അകത്തു ആരാണുള്ളതു?

പ്രാകൃത: എന്റെ ഭർത്താവു്.

കുലീന: അയാളുടെ പേർ.

പ്രാകൃത: (വളരെ വിഷാദത്തോടെ മുഖം താഴ്ത്തികൊണ്ടു്) കെ. പി. ശ്രീധരൻ നായർ.

കുലീന ഉടനെ വണ്ടിയിൽനിന്നിറങ്ങി പ്രാകൃതയുടേ കൈകൾ രണ്ടും പിടിച്ചു ‘ലീലേ, ലീലേ’ ഇതു എന്റെ സ്നേഹിത ലീല തന്നേയല്ലേ? എന്നു ചോദിച്ചു.

പ്രാകൃത: അതെ, നളിനി, ഒരിക്കൽ നിങ്ങളുടെ സ്നേഹിതയായിരുന്ന ആ ദുർഭഗയായ ലീല തന്നെയാണു് ഞാൻ.

അതിന്നുശേഷം അഞ്ചു നിമിഷത്തോളം നേരം നളിനി പഴയ ചങ്ങാതിയായ ആ പ്രാകൃത സ്വരൂപത്തിന്റെ കൈകൾ തന്റെ കൈകളാൽ ചേർത്തുപിടിച്ചു ഒന്നും ഇരുവരും സംസാരിക്കാതെ നില്ക്കുന്നതുകണ്ടാൽ ഏവനും അത്ഭുതം തോന്നാതിരിക്കയില്ലാ. കുലീനത്വം ആപാദചൂഡം ഒഴുകി, സ്ഥാന, മാന, സമ്പൽസമൃദ്ധിയോടുകൂടി ലോകം മുഴവൻ ബഹുമാനിക്കുന്ന നമ്മുടെ ബാരിസ്റ്ററുടെ പത്നിയല്ലെ, ആ പാവപ്പെട്ട, കണ്ടാൽ ഒരു നാഴിക ദൂരം സമീപിക്കുവാൻ അറക്കുന്ന വേഷത്തിൽ നില്ക്കുന്ന ആ പ്രാകൃത പിച്ചക്കാരിയുടെ കൈയ്യും പിടിച്ചു, കണ്ണുനീരും വാർത്തുനില്ക്കുന്നതു്. അതോ, അതും ഒരു പബ്ലിക്ക് നിരത്തിന്മേൽ. എത്ര അത്ഭുതാവഹം! വേറെ വല്ലവരുമായിരുന്നാൽ മുഖമൊന്നു പൊക്കിനോക്കുമോ? ആ പിച്ചക്കാരിയുടെ കുട്ടി കുലീനയുടെ ശുഭ്രവസ്ത്രത്തിന്റെ നേർമ്മ അതിന്റെ അഴക്കുപുരണ്ട കൈകളാൽ പിടിച്ചു പരിശോധിക്കുന്നതു കണ്ടപ്പോൾ കാർഡ്രൈവക്കു ദേഷ്യം വന്നു. പക്ഷെ അവൻ എജമാനത്തിയെ ഭയന്നു ഒന്നും മിണ്ടാതെ ഈ കാഴ്ച കണ്ടുംകൊണ്ടുനിന്നു. ഈ കാഴ്ചയിൽ അജഗജാന്തരമുള്ള സ്ത്രീകൾ തമ്മിൽ ഒന്നും സംസാരിക്കുവാൻ സാധിക്കുന്നതിന്നു മുമ്പായ്, ആസ്പത്രിയുടെ ഉള്ളിൽ, ഒരു സ്നേഹിതനെ കാണുവാൻ പോയിരുന്ന ബാരിസ്റ്റർ മടങ്ങി വരുന്നതായ് അവർ കണ്ടു്. ഉടനെ കുലീന, ലീലെ, നിങ്ങൾ എവിടെയാണു താമസിക്കുന്നതു്. നാളെ എന്റെ വീട്ടിലേക്കു വരണം. നിന്റെ വർത്തമാനങ്ങളൊന്നും അറിയുവാൻ സാധിച്ചില്ലല്ലൊ. നാളെ വീട്ടിൽവന്നു എല്ലാം പറയണം. നാളെ കാലത്തു കാറയക്കാം. നിന്റെ കുട്ടികളെയുംകൂട്ടി നേരത്തെ വരണം. ഇതാ ഇതിരിക്കട്ടെ എന്നു പറഞ്ഞു 25 ക. യുടെ നോട്ടെടുത്തു. ആ സ്ത്രീയുടെ കയ്യിൽവെച്ചു, അവൾ പറഞ്ഞു മേൽവിലാസം അപ്പോൾ തന്നെ ഡ്രൈവക്കു പറഞ്ഞുകൊടുത്തു. കാറിൽതന്നെ കയറിയിരുന്നു. അപ്പോഴയ്ക്കു ഇതൊന്നും അറിയാത്ത ബാരിസ്റ്റർ വന്നു കാറിൽ കയറി. കാർ വായുവേഗത്തിൽ ഓടിച്ചുകൊണ്ടുപോവുകയും ചെയ്തു.

## VII

ഗൃഹാലക്ഷ്മിയുടെ പൂർണ്ണകടാക്ഷംകൊണ്ടു സ്വർഗ്ഗത്തിലെ സുധർമ്മയെ സ്മരണീയമാക്കത്തക്ക അലങ്കാരങ്ങളോടും നവീന പരിഷ്ക്കാരത്തിന്റെ മറുകര കണ്ടവരാണെന്നു തോന്നത്തക്കവിധത്തിൽ പുതിയ പരിഷ്ക്കൃതരീതിയിലുള്ള ഉപകരണങ്ങളാലും അറിയപ്പെട്ട ഒരു ഹാളിൽ ഒരു പരവതാനി വിരിച്ചു അതിൽ, ഈ വക സമ്പത്സമൃദ്ധികൾക്കൊക്കെ താനാണു് നാഥ, എന്ന നില അശേഷം ഇല്ലാതെ താഴ്മയും വിനയവും സ്ത്രീത്വവും കളിയാടുന്ന ആകാരത്തോടെ ഗൃഹനായികയായ നളിനിയിരിക്കുന്നു. അടുത്തു തന്നെ സങ്കോചത്തോടും ലജ്ജയോടുംകൂടി ലീലയിരിക്കുന്നു. അവരുടെ ചരിത്രം പറയുന്നു. അങ്ങ

ഭാഗത്തൊരു പായയിൽ, അച്ചടക്കവും മര്യാദയും, സൽസ്വഭാവവും, നല്ല വളച്ചയും, നടവടികളിൽനിന്നു മനസ്സിലാകാത്തവിധം ഒതുക്കത്തോടെ, നാലു കട്ടികളിരുന്നു പലഹാരം തിന്നുന്നു. അവരെക്കണ്ടാൽ വളരെ ക്ഷീണിച്ചിരിക്കുന്നുവെങ്കിലും, തറവാടിത്വം പ്രത്യക്ഷമായും തെളിയുന്നുണ്ട്.

നളിനി: എന്നിട്ടു ലീലെ കഥ മുഴുവൻ പറയു, എന്തു സംഭവിച്ചു.

ലീല: അന്നു നിങ്ങളുടെ കൈയ്യിൽനിന്നു വൈരമാലയും, വളകളും വാങ്ങിക്കൊണ്ടു സല്ക്കാരത്തിനു പോയല്ലോ അന്നത്തെ രാത്രി ഒരു യഥാർത്ഥ രാത്രി തന്നെയായിരുന്നു. എന്റെ അഹങ്കാരത്തിന്റെ പൈശാചികത്വം മുഴുവൻ അന്നു അങ്ങേ അററം വരെ എത്തിയിരുന്നു. എന്നാൽ അന്നു നാന്ദിയോടുകൂടി ഭരതവാക്യവും ചൊല്ലിക്കഴിഞ്ഞു. ഞങ്ങൾ സല്ക്കാരം കഴിഞ്ഞു മടങ്ങി വീട്ടിൽ വന്നു നോക്കുമ്പോൾ നിങ്ങളുടെ വൈരമാല കഴുത്തിൽ കണ്ടില്ലാ. വളരെയെല്ലാം തിരഞ്ഞു യാതൊരു ഫലവുമുണ്ടായില്ലാ. ഒടുവിൽ ആ പെട്ടിയുടെ അടിയിൽ പേരു കണ്ട രത്നവ്യാപാരിയുടെ അടുത്തുചെന്നു. അന്വേഷിച്ചതിൽ അദ്ദേഹം തന്നെയാണ് നിങ്ങൾക്കു മാല വിററതെന്നറിഞ്ഞു. അതേ പ്രകാരം അന്നു തന്നെ തീർത്തിരുന്ന ഒരു വൈരമാല കാണിച്ചു. അതിന്നും നിങ്ങളുടെ മാലയ്ക്കും യാതൊരു വ്യത്യാസവുമില്ലെന്നു അയാൾ പറഞ്ഞു. കാഴ്ചയിലും തോന്നി. വേറേ ചില രത്നവ്യാപാരികളെക്കൊണ്ടു നോക്കിച്ചു 5,000 ക. വില മതിച്ചു. അതിന്നു ഞങ്ങളെക്കൊണ്ടു എങ്ങിനെ സാധിക്കും? വീടും പറമ്പുമെല്ലാം പണയം കെട്ടി ഒരു വലിയ സംഖ്യ ആദ്യമായ് കൊടുത്തു. ബാക്കി മാസം മാസം കൊടുക്കുവാനുമായ് നിശ്ചയിച്ചു. ഒരു വലിയ വക്കീലിനെ ട്രസ്റ്റിയാക്കി. അദ്ദേഹത്തിന്നും വലിയൊരു തുക കൊടുക്കേണ്ടിവന്നു.

അതിന്നു ശേഷമുള്ള ഞങ്ങളുടെ ജീവിതം വളരെ അരിഷ്ടിച്ച നിലയിലായിരുന്നു. എനിക്കു കൊല്ലം കൊല്ലം പ്രസവവും തുടങ്ങി. എന്നാലും രത്നവ്യാപാരിക്കുള്ള സംഖ്യ മാസംതോറും കൊടുത്തുകൊണ്ടേവന്നു. അങ്ങിനെയിരിക്കെ അദ്ദേഹത്തിന്റെ ഉദ്യോഗം പോയി ഭക്ഷണത്തിന്നുംകൂടി വകയില്ലാതെയായി.

രണ്ടു മൂന്നു മാസങ്ങൾ രത്നവ്യാപാരിക്കു പണം കൊടുക്കാതെയായപ്പോൾ അയാൾ നടവടിയെടുക്കാൻ ശ്രമിച്ചു. നോട്ടീസ്സയച്ചു. യാതൊരു ഗത്യന്തരമില്ലാതെ മാർവാഡിയോടു വാങ്ങി രത്നവ്യാപാരിയുടെ സംഖ്യ തീർത്തു. ഭാഗ്യവശാൽ അദ്ദേഹത്തിന്നു ബർമ്മയിൽ ഉദ്യോഗം കിട്ടി. ഞങ്ങൾ അങ്ങോട്ടുപോയി. മാസം മാസം മാർവാഡിക്കു തെററാതെ പണമയച്ചു കടമെല്ലാം വീട്ടി.

ഇനി കിട്ടുന്നതുകൊണ്ടു സുഖമായ് ജീവിക്കാം എന്ന നിലവന്നപ്പോഴക്കു, ജപ്പാൻകാരുടെ ആക്രമണമുണ്ടായേക്കാമെന്നൊരു ഊഹം കേട്ടു. ജർമ്മൻകാർ റഷ്യയിൽ യുദ്ധം തുടങ്ങിയതിന്റെ ഒരാഴ്ച മുമ്പായ് ഞങ്ങൾ ഇവിടെ വന്നിറങ്ങി. കുറച്ചു ദിവസങ്ങൾ തർക്കേടൊന്നും കൂടാതെ കഴിഞ്ഞു. അപ്പോഴക്കും സിങ്കപ്പൂരിൽനിന്നു വന്ന ചില അഭയാർത്ഥികളിൽനിന്നു, എന്റെ അച്ഛൻ അവിടത്തന്നെയുണ്ടെന്നും അദ്ദേഹം വരുന്നില്ലെന്നും അറിഞ്ഞു. ഞാൻ വല്ലാതെ വ്യസനിച്ചു. സിങ്കപ്പൂർ ജപ്പാൻകാർ പിടിച്ച ഉടനെ ബർമ്മക്കാണല്ലോ ലക്ഷ്യംവെച്ചതു്. അവിടെ അവർ ചെയ്തു ആക്രമണങ്ങൾക്കൊരു കയ്യുംകണക്കുമില്ലാ. ബോമ്പേറിന്റെ മദ്ധ്യത്തിൽ, സാധുക്കളെ സഹായിക്കുവാനായ് എ.ആർ.പി. ക്കാരുടെ കൂട്ടത്തിൽ എന്റെ ഭർത്താവും അത്യദ്ധ്വാനം ചെയ്തുവന്നു. ഒരു ദിവസം ഒരു കെട്ടിടം പൊളിഞ്ഞു വീണു അദ്ദേഹത്തിന്റെ കാൽ മുറിഞ്ഞുപോയ്. അപ്പോൾ അദ്ദേഹം ബോമ്പേറിനാൽ അപകടപ്പെട്ട ചില സാധുക്കളെ മണ്ണിന്നടിയിൽനിന്നു വലിച്ചെടുക്കുകയായിരുന്നുവത്രെ. സ്വല്പം ചില ചില്ലറ വൈദ്യസഹായങ്ങൾ അദ്ദേഹത്തിന്നു ലഭിച്ചുവെങ്കിലും കാര്യമായ സഹായങ്ങളൊന്നുമുണ്ടായില്ല. അനേകം ജനങ്ങൾ വന്നിരുന്ന കൂട്ടത്തിൽ അദ്ദേഹവും കാട്ടുവഴിയായ് പുറപ്പെട്ടു പട്ടിണികിടന്നും കുടിക്കുവാൻ ഒരു തുള്ളി വെള്ളംപോലും കിട്ടാതെയും, രോഗിയായതിനാൽ നടക്കാൻ സാധിക്കാതെ ഇഴജാതികളെപ്പോലെ ഇഴഞ്ഞും വേദന സഹിച്ചും, നാലഞ്ചു മാസം കൊണ്ടു ആസാമിൽ എത്തിച്ചേർന്നു. അവിടെ ഗവർമ്മെണ്ടു ചെയ്തുവരുന്നതായ സഹായത്തിന്റെ ഫലമായ് കുറച്ചൊരു ജീവൻ വന്നു. അവിടെയും പറയത്തക്ക വൈദ്യസഹായങ്ങളൊന്നും ലഭിച്ചിരുന്നില്ല. എന്തിനധികം പറയുന്നു. ഒരു മാസം മുമ്പ്, ഞങ്ങൾക്കു അദ്ദേഹത്തിന്റെ ഒരു കത്തു ആസ്സാമിൽനിന്നു കിട്ടി. അന്നേയ്ക്കു ആറു മാസമായിരുന്നു അദ്ദേഹത്തിന്റെ വിവരങ്ങളറിഞ്ഞിട്ട്. പതിനഞ്ചു ദിവസം മുമ്പു അദ്ദേഹം ചില മാന്യന്മാരുടെ സഹായത്താൽ ഇവിടെ എത്തിച്ചേർന്നു. ഒരു വിധം ആസ്പത്രിയിലും അഡ്മിഷ്യൻ കിട്ടി. ഇപ്പോൾ ഒരു കാൽ മുറിച്ചു കളഞ്ഞിരിക്കുന്നുവെങ്കിലും സുഖപ്പെട്ടുവരുന്നുണ്ട്. ഇതിനിടയ്ക്കു ഞങ്ങൾ അനുഭവിച്ച കഷ്ടപ്പാടുകളെപ്പററി പറയേണ്ടതില്ലല്ലോ. ഇന്നലെ അദ്ദേഹത്തെ കാണുവാൻവേണ്ടി ആസ്പത്രിക്കു ചെന്ന സമയത്താണ് ഭാഗ്യവശാൽ ഭവതിയെ കണ്ടുകിട്ടിയത്.

ഈ കഥ മുഴുവൻ പറഞ്ഞവസാനിപ്പിക്കുന്നതുവരെയും നളിനി കണ്ണുനീർ വാർത്തു മൌനമായ് കേട്ടുംകൊണ്ടിരുന്നതല്ലാതെ, എടക്കൊരു വാക്കെങ്കിലും പറഞ്ഞിരുന്നില്ലാ. അവളുടെ മനസ്സിൽ എന്തോ അസാധാരണമായ യൊരു വ്യഥബാധിച്ചിട്ടുണ്ടെന്നു വ്യക്തമായ് കാണാമായിരുന്നു. ചില സമയങ്ങളിൽ അവൾ പൊട്ടിക്കരഞ്ഞിരുന്നു. ലീലയുടെ ദുഷ്കാലത്തിന്നു തനിക്കുമൊരു പങ്കുണ്ടെന്നു അവളുടെ മുഖഭാവം വിളിച്ചു പറഞ്ഞിരുന്നു. പാവം ഉത്തമഗുണയായ അവൾക്കെന്താണ് ലീലയുടെ ദുഷ്കാലവുമായൊരു ബന്ധം.

ലീല ഇത്രയും പറഞ്ഞവസാനിച്ചപ്പോൾ, നളിനി അവളുടെ കൈകൾ രണ്ടും പിടിച്ചു "പ്രിയ സഖീ! നിന്റെ ദുഃഖങ്ങൾക്കൊക്കെ ഞാനാണല്ലോ കാരണം." എന്റെ വൈരമാലയല്ലയൊ ഈവക ദുഃഖങ്ങൾക്കൊക്കെ അടിക്കല്ലായിരിക്കുന്നതു്. കഷ്ടം. എനിക്കിപ്പോൾ ഓർമ്മയുണ്ടു. തിങ്കളാഴ്ചക്കു പകരം രണ്ടു ദിവസം കഴിഞ്ഞിട്ടു ലീല മാല മടക്കിക്കൊണ്ടുവന്നുള്ളു. മാത്രമല്ലാ. അപ്പോൾ വല്ലാതെ ഇരുന്നിരുന്നു. അന്നു ഞാനത്ര ശ്രദ്ധിച്ചില്ലാ. കഷ്ടം, ലീലെ ഞാനൊരു വാസ്തവം പറയട്ടെ. എന്നോടു കോപിക്കുമോ? അന്നു ഞാൻ നിങ്ങൾക്കു തന്ന വൈരമാല യഥാർത്ഥ വൈരമാലയല്ലായിരുന്നു. അതു ഇമിറേഷ്യൻ വൈരമാലയായിരുന്നു. യഥാർത്ഥ വൈരമാല എന്റെ ഇരിമ്പുപെട്ടിയിൽ ഇരിപ്പുണ്ട്. എന്നാൽ നിങ്ങൾ തന്ന മാല ഇമിറേഷ്യനെന്നു കരുതി ഞാൻ പുറത്തു തന്നെ വെച്ചിരിക്കുന്നുണ്ട്. ഞാനെടുത്തു കൊണ്ടുവരാം.

അനന്തരം നളിനി രണ്ടു ഹാരങ്ങളുംകൊണ്ടു വന്നു നോക്കിയതിൽ ഒരു വ്യത്യാസവും കണ്ടില്ലാ. ഉടനെ ബാരിസ്റ്റർക്കു ടെലിഫോൺ ചെയ്തു. അദ്ദേഹം ക്ഷണനേരം കൊണ്ടുവന്നു. ഭാര്യ മുഖാന്തരം വർത്തമാനങ്ങളൊക്കെയറിഞ്ഞു. ഉടനെ രത്നവ്യാപാരിയെ വരുത്തി. രണ്ടും ഒരേ മാതിരി വൈരങ്ങളാണെന്നും, രണ്ടിന്നും ഒരേ വില തന്നെ മതിക്കുമെന്നും, ശരിയായ വില 50,000 ക യായിരിക്കുമെന്നും പറഞ്ഞു.

ലീലയ്ക്കിതെല്ലാം കേട്ടു താൻ സ്വപ്നരാജ്യത്തിലാണോ സ്ഥിതിചെയ്യുന്നതെന്നു തോന്നിപ്പോയി. ഉടനെ ലീലയുടെ രത്നമാല വ്യാപാരിക്കു വിററു 50,000 ക. വാങ്ങി ലീലയ്ക്കു കൊടുത്തു. എന്നാൽ ലീല തല്ക്കാലം ആയിരം ഉറുപ്പിക മാത്രം വാങ്ങി ശേഷിച്ച ധനം ബാരിസ്റ്ററെത്തന്നെ ട്രസ്റ്റിയാക്കി, അവർ മുഖാന്തരം ബാങ്കിലിടുവാൻ ഏർപ്പാടുചെയ്തു. നളിനിക്കും ഭർത്താവിന്നും, അനേക വന്ദനം പറഞ്ഞു. ദ്വാരകയിലേക്കു ചെന്ന കുചേലന്റെ മാതിരി, ജ്യേഷ്ഠത്തിയാൽ അനുഗ്രഹീതയായിരുന്ന ലീല, അനുജത്തിയുടെ കടാക്ഷാനുഗ്രഹ സമൃദ്ധിയോടെ സ്വഭവനത്തിലേക്കു മടങ്ങി.

ശുഭം, ശുഭം

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.